# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂൺ 29, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--320]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 346 മുതൽ 433 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 434 മുതൽ 476 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 477 മുതൽ 555 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 556 മുതൽ 620 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 621 മുതൽ 665 വരെ |

### സൗജന്യ വൈദ്യുതി പോസ്റ്റുകൾ

346. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധന ജനവിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

### വൈദ്യുതി നിരക്ക്

347. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ഏപ്രിൽ മാസത്തിൽ ഓരോ വിഭാഗത്തിനുമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നുവെന്നും 2015 ഏപ്രിൽ മാസത്തെ നിരക്ക് എത്രയാണെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് കൂട്ടിയെന്നും ഓരോ പ്രാവശ്യം കൂട്ടിയ തുക എത്ര വീതമാണെന്നും വ്യക്തമാക്കാമോ ?

### വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം

348. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം ലഭ്യമാണോ ;

(ബി) ഇല്ലെങ്കിൽ എത്ര സെക്ഷനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട് ;

(സി) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി ഒടുക്കുന്നതിന് സഹായകമായ സംവിധാനം ഒരുക്കുമോ?

<u>വൈദ്യുതി ഉല്പാദനവും പ്രസരണനഷ്ടവും</u>

349. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കോടി രൂപയുടെ വൈദ്യുതി പുതുതായി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; പ്രസരണനഷ്ടം വഴി എത്ര കോടി രൂപയുടെ വൈദ്യുതിയാണ് പാഴായി പോകുന്നതെന്നും വ്യക്തമാക്കാമോ ?

<u>വൈദ്യുതി ഭേദഗതി ബിൽ</u>

350. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാറിന്റെ വൈദ്യുതി ഭേദഗതി ബിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ബില്ലിലെ വ്യവസ്ഥകളോട് യോജിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം കേന്ദ്ര സർക്കാറിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ബില്ലിലെ ഏതെല്ലാം വ്യവസ്ഥകൾ കെ.എസ്സ്.ഇ.ബി- യെ പ്രതികൂലമായി ബാധിക്കും; ഈ പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഷോക്കേറ്റ് മരണം</u>

351. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സംഘം ഷോക്കേറ്റ് മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴകി ദ്രവിച്ച തടി തൂണുകളിൽ ഇലക്ട്രിക് ലൈൻ താഴ്ന്ന കിടക്കുന്നതിനാലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള അപകടങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പഴക്കം ചെന്നതും അപകടകരമാംവിധം നിൽക്കുന്നതുമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആവശ്യമുള്ള വൈദ്യുതി - ഉത്പാദനവും കണ്ടെത്തലും

352. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്നും ഇവ ആവശ്യമുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണെന്നും, കുറവുള്ള വൈദ്യുതി ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നതെന്നും ഇതിനായി എത്ര തുക ബോർഡ് ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കൂടുതലായി വേണ്ടിവരുന്ന വൈദ്യുതിയ്ക്കായി യൂണിറ്റിന് പ്രിതിദിനം എത്ര തുക ബോർഡ് ചെലവഴിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

## കെ.എസ്.ഇ.ബി യിൽ ആശ്രിത നിയമനം

353. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ ആശ്രിത നിയമനത്തിന് നിലവിൽ പാലിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ജോലിക്കിടയിൽ ഗുരുതരമായ അപകടം സംഭവിച്ചവരുടെ ആശ്രിതർക്ക് നാളിതുവരെയായി ഏതെങ്കിലും നിയമനം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ആളുകളുടെ ആശ്രിതർക്ക് നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ?

## കെ.എസ്.ഇ.ബി. ലൈൻമാൻ-മസ്ദൂർ പ്രൊമോഷനും നിയമനവും

354. ശ്രീ.സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷനും നിയമനവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് ലൈൻമാൻ-മസ്ദൂർ തസ്തികകൾ അടിയന്തരമായി നികത്തി, ലൈനുകളിൽ വീണ് കിടക്കുന്ന മരച്ചില്ലകൾ ഉൾപ്പെടെ വെട്ടി മാറ്റുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

355. ശ്രീ.ലൂഡി ലൂയിസ്

,, ബെന്നി ബെഹനാൻ

,, എ.റ്റി.ജോർജ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കംക്കുറിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്രത്തോളം വൈദ്യുതിയാണ് ഗുണഭോക്താവിന് ലഭിക്കുന്നത് ; വിശദമാക്കുമോ ?

വിവിധ പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉല്പാദനം

356. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവൈദ്യുത പദ്ധതിയിൽ നിന്നും ഇതര പദ്ധതികളിൽ നിന്നും വൈദ്യുതി ഉല്പാദനത്തിൽ ലക്ഷ്യമിട്ടത് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ജലവൈദ്യുത പദ്ധതിയിൽ നിന്നും ഇതര വൈദ്യുത പദ്ധതികളിൽ നിന്നും എത്ര വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്ര ഉല്പാദനം സാദ്ധ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ഉല്പാദന മേഖലയിൽ ലക്ഷ്യം കൈവരിക്കാതെ പോയതിന് സർക്കാരിന്റെ ഉദാസീനത കാരണമായി എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ജലേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം

357. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ജലേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി

ഉത്പാദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) പുതിയതായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ?

<u>പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾ</u>

358. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതോൽപ്പാദനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) നിലവിലുണ്ടായിരുന്ന വൈദ്യുത പദ്ധതികളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാവാലം കെ.എസ്.ഇ.ബി. സബ് ഓഫീസ്</u>

359. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം കെ. എസ്. ഇ. ബി. സബ് ഓഫീസ് നിലനിർത്തുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>സൗരഗൃഹ പദ്ധതി</u>

360. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ വിഭാവനം ചെയ്ത സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) നാളിതുവരെയായി എത്ര വീടുകൾക്കാണ് പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപ്പിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഇതുവഴി എത്ര മെഗാവാട്ടിന്റെ വൈദ്യുതി കെ.എസ്.ഇ.ബി ക്ക് ലഭിച്ചുവെന്ന്ഓരോ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ ?

<u>കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്ന് അനുബന്ധമായുള്ള ടെയിൽ റോഡ് നിർമ്മാണം</u>

361. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്ന് അനുബന്ധമായുള്ള ടെയിൽ റോഡ്, പവ്വർഹൗസിന് കക്കയം അങ്ങാടിയിൽ നിർമ്മിച്ച

വലിയകുഴി സമീപത്തെ റോഡിനും കെട്ടിടത്തിനും ഭീഷണിയായി തുടരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ പ്രവൃത്തികൾ ഇത്രയും അപകടകരമായ അവസ്ഥയിൽ നിർത്തി വെക്കേണ്ടിവന്ന സാഹചര്യം അറിയിക്കാമോ;

(സി) നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുന്നതിനും തുടർപ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പ്രവൃത്തിസ്ഥലം സന്ദർശിക്കുന്നതിനും അവിടെ ഉന്നതതല യോഗം ചേരുന്നതിനും നടപടി സ്വീകരിക്കാമോ?

<u>പിറ്റ് കോക്കിൽ നിന്നും വൈദ്യുതി</u>

362. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറ്റ് കോക്കിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

363. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് ഇപ്പോൾ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത് ;

(ബി) സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗനിർദ്ദേശങ്ങൾ വിശദമാക്കുമോ ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>സൗജന്യ നിരക്കിൽ വൈദ്യുതി</u>

364. ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി സൗജന്യമായും സൗജന്യ നിരക്കിലും ലഭിച്ചുകൊണ്ടിരിക്കുന്നത് ഏതെല്ലാം വിഭാഗത്തിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് ആണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഉപഭോക്താക്കളിൽ അനർഹർ കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

<u>സോളാർ കണക്ട് പദ്ധതി</u>

365. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.മുല്ലക്കര രത്നാകരൻ
,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചെലവു കുറഞ്ഞ വൈദ്യുതി ഉൽപ്പാദന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വീടുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സോളാർ കണക്ട് എന്ന പദ്ധതിക്ക് മൊത്തം ചെലവെത്രയാണ്; ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സബ്സിഡി എത്രയാണ്;

(ഡി) വീടുകളിൽ ഉൽപ്പാദിപ്പിച്ച് മിച്ചം വരുന്ന വൈദ്യുതി വൈദ്യുതി ബോർഡ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>നെന്മാറ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

366. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഊർജ്ജ സംരക്ഷണ പദ്ധതികൾ</u>

367. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ഈയിനത്തിൽ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

<u>കൊല്ലം ടൗണിൽ വൈദ്യുതി വിതരണത്തിന് ആർ. എം. യു., എസ്. സി. എ. ഡി. എ. സംവിധാനങ്ങൾ</u>

368. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിനായി റിംഗ് മെയിൻ യൂണിറ്റ് (RMU), സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡേറ്റാ അക്വസിഷൻ (SCADA) എന്നീ സംവിധാനങ്ങൾ കൊല്ലം ടൗണിന്റെ വികസനത്തിന് അനിവാര്യമായതിനാൽ പ്രസ്തുത സംവിധാനം കൊല്ലം ടൗണിൽ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യത</u>

369. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2014 വരെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര പൂളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്നതെന്നും ഇതിൽ എത്ര വൈദ്യുതി ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കേന്ദ്ര പൂളിൽ നിന്ന് ലഭിക്കേണ്ട വൈദ്യുതി ഈ കാലയളവിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമായി പറയുന്നതെന്താണെന്ന് വെളിപ്പെടുത്താമോ?

<u>കേന്ദ്ര വൈദ്യുതി നിയമഭേദഗതി</u>

370. ശ്രീ.എം.എ.ബേബി
,, എ.കെ.ബാലൻ
,, സാജു പോൾ
,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമഭേദഗതിയിലൂടെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഭേദഗതിയിലൂടെ സംസ്ഥാനത്തുണ്ടാകാനിടയുള്ള വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കേന്ദ്ര വൈദ്യുതി നിയമഭേദഗതി സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്ന പ്രതിസന്ധികളെകുറിച്ചുള്ള ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

<u>വൻകിട സൗരോർജ്ജ പദ്ധതികൾ</u>

371. ശ്രീ.പി.എ.മാധവൻ
,, ആർ . സെൽവരാജ്
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്</u>

372. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി അണക്കെട്ടിലെ ഇപ്പോഴത്തെ ജലനിരപ്പ് എത്ര ; ഇതിന് മുൻവർഷത്തിൽ നിന്നുള്ള വ്യത്യാസം എത്ര ; വിശദമാക്കുമോ ;

(ബി) ഈ വർഷത്തെ വേനൽ മഴയിൽ ജലനിരപ്പിൽ വന്ന വ്യത്യാസം എത്ര ; ഇത് മുൻ വർഷത്തേതിൽ നിന്നും എത്ര അടി കൂടുതലാണ് ; വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് വേനൽ മഴ ഏറ്റവും കൂടുതൽ ലഭിച്ചത് ഏതു വർഷമാണ്; വെളിപ്പെടുത്തുമോ ?

<u>വൈദ്യുതി ഉല്പാദനം</u>

373. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാംനടപടി സ്വീകരിക്കുകയുണ്ടായി;

(ബി) എങ്കിൽ ഏതെല്ലാം ബൃഹദ് പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്;

(സി) ഇതിലെ ഓരോ പദ്ധതികളിൽ നിന്നും പ്രതീക്ഷിച്ച ഊർജ്ജ ഉല്പാദനം എത്രയെന്നും ലഭിച്ചതെത്രയെന്നും വിശദമാക്കാമോ?

## വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ

374. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിലൂടെ കേബിൾ വലിക്കാൻ അനുമതി നല്കാറുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വലിച്ചിട്ടുള്ള കേബിളുകൾ താഴ്ന്നും പൊട്ടിയും കിടന്ന് യാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം അപകടത്തിന് ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കുമോ ; അപകടാവസ്ഥയിലുള്ള എല്ലാ കേബിളുകളും അടിയന്തരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

## ശബരിഗിരി ജല വൈദ്യുത പദ്ധതി

375. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിഗിരി ജല വൈദ്യുത പദ്ധതി പ്രകാരം ഇപ്പോൾ വൈദ്യുതി ഉൽപാദനം നടക്കുന്നുണ്ടോ;

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ പെൻ സ്റ്റോക്ക് പൈപ്പിന്റെ വാൽവിൽ ഉണ്ടായ വൻചോർച്ച പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ഏത് കമ്പനിക്കാണ് നവീകരണ ജോലിയുടെ കരാർ നൽകിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) വൈദ്യുത പദ്ധതി ഇടങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന തകരാറുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

## കൂടംകുളം ആണവ നിലയം

376. ശ്രീ.കെ.മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ്;വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## മൂലമറ്റം പവർ ഹൗസ്

377. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം പവർ ഹൗസിൽ അടിക്കടിയുണ്ടാകുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേടുപാടുകൾ ത്വരിതഗതിയിൽ പരിഹരിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര നിർദ്ദേശം നൽകുമോ;

(സി) മൂലമറ്റം പവർ ഹൗസിലെ ജീവനക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകമോ?

## വൈദ്യുതി ക്ഷാമം

378. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം നിലവിലുണ്ടോ;

(ബി) വൈദ്യുത ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ;

(സി) നിലവിൽ പവർ കട്ടോ, ലോഡ് ഷെഡ്ഡിംഗോ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാർജ് വർദ്ധനവിലൂടെ എത്ര കോടി രൂപയാണ് കെ.എസ്.ഇ.ബി.ക്ക് അധികമായി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി വിതരണം

379. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വിതരണ രംഗത്ത് എത്ര കണക്ഷനുകൾ നൽകിയെന്ന് പറയാമോ;

(ബി) ഈ കാലയളവിൽ എത്ര വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും, എത്ര കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ നിർമ്മിച്ച ഹൈ ടെൻഷൻ ലൈനുകളുടെയും ലോ ടെൻഷൻ ലൈനുകളുടെയും നീളം എത്ര; വിശദമാക്കാമോ;

(ഡി) 2006 മേയ് മുതൽ 2011 മേയ് വരെ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വൈദ്യുതി തടസ്സം

380. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനപരിധിയിലുള്ള ഞാലിക്കോണം, കരിങ്കാളിക്ഷേത്രം റോഡ്-പ്രദേശങ്ങളിൽ ദിവസേന ദീർഘനേരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപാകതയുടെ കാരണവും അത് എന്നത്തേക്ക് പരിഹരിക്കുമെന്നും വ്യക്തമാക്കുമോ?

<u>വൈദ്യുതി മുടക്കം</u>

381. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനു വേണ്ടി പ്രീ-മൺസൂൺ ഒരുക്കങ്ങൾ കൃത്യമായി നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(സി) കാലപ്പഴക്കം ചെന്ന പോസ്റ്റുകൾ, ലൈനുകൾ എന്നിവ മാറ്റുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

<u>വൈദ്യുതി മോഷണവും ക്രമക്കേടുകളും</u>

382. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര രൂപയുടെ വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ നൽകിയ ശിക്ഷയുടെയും പിഴകളുടെയും വിശദാംശം ലഭ്യമാക്കാമോ?

<u>ഊർജ്ജ സംരക്ഷണം</u>

383. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.റ്റി.ജോർജ്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; ഇതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോൽസാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുകൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം വൈദ്യുതീകരണം

384. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം വൈദ്യുതീകരണം നടത്തുന്നതിനുള്ള എത്ര അപേക്ഷകളാണ് കണ്ണൂർ ജില്ലയിൽ നിലവിലുള്ളത് ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി ലഭിക്കാൻ ബാക്കിയുണ്ടെന്ന് സെക്ഷൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷകർക്ക് എപ്പോൾ വൈദ്യുതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

വൈദ്യുതി ഉല്പാദനവും ഉപഭോഗവും

385. ശ്രീ.ഇ.പി.ജയരാജൻ

,, എം.ചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷാവർഷങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് ഉല്പാദനം വർദ്ധിനവ് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്;

(സി) ഉപഭോഗത്തിന് ആവശ്യമായ ഉല്പാദനം നടക്കാതെ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

വൈദ്യുതി ബോർഡിന്റെ കടവും വരുമാനവും ചാർജ്ജ് കുടിശികയും

386. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ; ഇതിൽ ഹ്രസ്വകാല-ദീർഘകാല വായ്പകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) വായ്പ പലിശയിനത്തിൽ ഓരോ വർഷവും ബോർഡിനുണ്ടാവുന്ന ചെലവ് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ബോർഡ് എത്ര രൂപയുടെ കടമെടുത്തിട്ടുണ്ട് എന്നും അത് എവിടെനിന്നാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ചാർജ് വർദ്ധന, സർചാർജ് ഇനത്തിൽ കഴിഞ്ഞ നാലു വർഷം കൊണ്ട് ബോർഡിനുണ്ടായ അധിക വരുമാനം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ബോർഡിന് കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ

387. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്നും എത്ര സമയത്തേക്കാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ടോ ;

(സി) അറ്റകുറ്റപ്പണി ചെയ്യുന്നത് ഏതെല്ലാം കമ്പനികളാണെന്നും കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

## കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വൈദ്യുതി

388. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവനിലയത്തിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വൈദ്യുതി കേരളത്തിലേക്ക് കൊണ്ടു വരുന്നത് ഏത് വഴിയാണ് ; ഏതെല്ലാം പ്രദേശത്തിലൂടെയാണ് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ലൈനിന്റെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തത് എന്നും എവിടെയാണ് പ്രവൃത്തികൾ ബാക്കിയുള്ളത് എന്നും വിശദമാക്കുമോ?

## വൈദ്യുതി ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിനുള്ള നടപടിക്രമം

389. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിന് കെ.എസ്.ഇ.ബി. ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) ഒരു ഉപഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയാൽ അത് ശരിയാക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് സെക്ഷനുകളിൽ പരാതി നൽകിയാൽ സ്വീകരിക്കുന്നില്ല എന്ന പ്രശ്നം കെ.എസ്.ഇ.ബി.യുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ താരിഫ്</u>

390. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്ക് വ്യവസായങ്ങൾക്കുള്ള താരിഫിലേക്ക് മാറ്റിയതുമൂലം കാർഷിക രംഗം നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ ;

(ബി) സംസ്ഥാന റഗുലേറ്ററി കമ്മീഷന്റെ 14.08.14 ലെ ഉത്തരവ് പുന:പരിശോധിച്ച് കർഷകർക്കുള്ള വൈദ്യുതി തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>പാരമ്പര്യ ഊർജ്ജ പദ്ധതി</u>

391. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ഊർജ്ജ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര മെഗാവാട്ടിന്റെ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ വൈദ്യുതി ഉല്പാദനം എത്ര മെഗാ വാട്ടാണെന്നും വ്യക്തമാക്കുമോ;

<u>വൈദ്യുതി സ്വയം പര്യാപ്തതയ്ക്കായുള്ള നടപടികൾ</u>

392. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(സി) സൗരോർജ്ജ വൈദ്യുതി ഉപയോഗം വ്യാപകമാക്കുന്നതിനായി നൽകുന്ന സബ്സിഡിയും ആനുകൂല്യങ്ങളും കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സൗരോർജ്ജ വൈദ്യുതി ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

## വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക

393. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഏപ്രിൽ മുതൽ ജൂൺ വരേയും ജൂലായ് മുതൽ ആഗസ്റ്റ് വരേയും വൈദ്യുതി വാങ്ങിയ ഇനത്തിൽ അധികം ചെലവായ തുക എത്ര ;

(ബി) ഈ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിന് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ഈടാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

## കടമക്കുടി കണ്ടനാട് കോരാമ്പാടം പ്രദേശങ്ങളിലെ വൈദ്യുത പ്രവർത്തികൾ

394. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കടമക്കുടി കണ്ടനാട് ഭാഗത്ത് 350 മീറ്റർ സിംഗിൾ ഫെയ്സ് ലൈൻ, ത്രീ ഫെയ്സ് ലൈൻ ആക്കി മാറ്റുന്ന പ്രവർത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തിക്കായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കോരാമ്പാടം കപ്പേളക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്നും പ്രവർത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നും വ്യക്തമാക്കാമോ?

## ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി

395. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ഭാഗമാണ് ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ജലവൈദ്യുത പദ്ധതികളുടെയും ഉല്പാദനവിഹിതം പ്രത്യേകം വെളിപ്പെടുത്തുമോ ?

## സൗരോർജ്ജ നയം

396. ശ്രീ.സണ്ണി ജോസഫ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, അൻവർ സാദത്ത്
,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>സൗരോർജ്ജ വികസന പദ്ധതികൾ</u>

397. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഉർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് സൗരോർജ്ജ മേഖലയിൽ ഈ സർക്കാർ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ സ്വന്തം നിലയിൽ സൗരോർജ്ജ സംവിധാനങ്ങൾ വീട്ടുകളിൽ സ്ഥാപിക്കുമ്പോൾ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>സൗരോർജ്ജ വൈദ്യുത പദ്ധതികൾ</u>

398. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച് 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനായി, 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സൗരോർജ്ജ വൈദ്യുതി</u>

399. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇത് സംസ്ഥാനത്തിന്റെ

ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതിയിൽ എത്ര യൂണിറ്റ് ബോർഡിലേക്ക് ലഭിക്കുന്നുണ്ടെന്നുംആയതു സംസ്ഥാനത്ത്ആകെ ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതിയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

(സി) സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനത്തിനു വേണ്ടിവരുന്ന ഉയർന്ന ചെലവ് ലഘൂകരിക്കുവാനും കൂടുതൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനും വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തുമോ ?

<u>കാസർഗോഡ് മേഖലയിലെ അണ്ടർഗ്രൗണ്ട് കേബിളിംഗ്</u>

400. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മേഖലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അണ്ടർഗ്രൗണ്ട് കേബിളിംഗ് പ്രവർത്തനം നടന്നുവരുന്നത്; എത്ര കിലോമീറ്റർ ദൂരത്തിൽ എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത പ്രവൃത്തി നടത്തുന്നത്;

(ബി) കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷനിൽ നിന്ന് പുതിയതായി നിർമ്മിച്ചുവരുന്ന കാസർഗോഡ് മുനിസിപ്പാലിറ്റിയിൽപ്പെട്ട കേളുഗുട്ട സബ്സ്റ്റേഷനിൽ അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിവരുന്നുണ്ടോ;

(സി) എത്ര കിലോമീറ്റർ ദൂരമാണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നത്; ഈ രണ്ട് സബ്സ്റ്റേഷനും തമ്മിലുള്ള ദൂരം എത്ര ?

<u>കാസർഗോഡ് ജില്ലയിലെ പുതിയ സെക്ഷൻ ഓഫീസുകൾ</u>

401. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നു അറിയിക്കാമോ ; എല്ലാ ഓഫീസുകളിലും പുതുതായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പുതിയ സെക്ഷൻ ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

<u>കോഴിക്കോട് തലക്കുളത്തൂർ പഞ്ചായത്തിലെ വൈദ്യുത പദ്ധതികൾ</u>

402. ശ്രീ.എ. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള സ്ഥലത്ത് വൈദ്യുതി വകുപ്പിന്റെ എന്തെങ്കിലും പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ്, ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന</u>

403. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം (ഡി.ഡി.യു.ജി.ജെ.വൈ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വൈദ്യുതി പ്രവൃത്തികളാണ് നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനുള്ള പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>പാപ്പനംകോട് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ</u>

404. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പാപ്പനംകോട് കേന്ദ്രമായി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ?

<u>ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന</u>

405. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ സർക്കാർ ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുതപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(സി) ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്യേണ്ടത് എന്നും, ആരെയാണ് പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ ;

(ഡി) ഇത് പുതിയ പദ്ധതിയാണോയെന്നും പഴയ ഏതെങ്കിലും പദ്ധതിയുടെ പേര് മാറ്റി

നടപ്പിലാക്കുന്നതാണോയെന്നും വ്യക്തമാക്കുമോ ?

കാസർഗോഡ് ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം

406. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ. ബി ഡിവിഷൻ ഓഫീസ്, സർക്കിൾ ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന വാടക കെട്ടിടം ഒഴിഞ്ഞുനൽകാൻ കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓഫീസുകൾ പ്രവർത്തിക്കാൻ സ്വകാര്യ കെട്ടിട ഉടമസ്ഥൻ കെട്ടിടം നൽകാത്ത സാഹചര്യത്തിൽ കെ. എസ്. ഇ. ബി. ക്ക് വിദ്യാനഗറിൽ കലക്ടേറ്റിനടുത്തസ്ഥലത്ത് ഒരു വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള തടസ്സം വിശദമാക്കാമോ ;

(സി) ജില്ലയ്ക്ക് ഒരു വൈദ്യുതി ഭവനം എന്നത് യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ നല്കുമോ ?

ആറ്റിങ്ങൽ മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിൽ വരുത്തിയ പ്രവൃത്തികൾ

407. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖാന്തിരം നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടില്ലാത്തതും ആയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശത്തുനിന്നും വൈദ്യുതി കണക്ഷന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

സമ്പൂർണ്ണ വൈദ്യുതവത്കരണം

408. **ശ്രീ.ടി.എൻ. പ്രതാപൻ**
**,,** അൻവർ സാദത്ത്
**,,** തേറമ്പിൽ രാമകൃഷ്ണൻ
**,,** കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്കരിക്കാൻ ഏതെല്ലാം പദ്ധതിക ളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ</u>

409. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാതാകാധിഷ്ഠിത വൈദ്യുതി ഉൽപാദന പ്രവർത്തനങ്ങൾക്കായി 2014 - 15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>

410. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>പേരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്</u>

411. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിൽ നിർമ്മാണത്തിലിരിക്കുന്ന പേരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ പണികൾ ഏതു ഘട്ടംവരെയായി എന്നും, എന്ന് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ സിവിൽ വർക്കുകളുടെ ചുമതല ആർക്കാണ് ; പ്രസ്തുത പ്രവൃത്തികളുടെ ഘട്ടം ഏതുവരെയായി ; ഇനി എന്തൊക്കെ സിവിൽ ജോലികളാണ് നടക്കാനുള്ളത് ;

(സി) പദ്ധതിയുടെ മെക്കാനിക്കൽ വർക്കുകൾ ആരംഭിച്ചോ ; എന്തൊക്കെ മെക്കാനിക്കൽ ജോലികളാണ് ആരംഭിച്ചത് ; ഇനി എന്തൊക്കെയാണ് നടക്കാനുള്ളത് ; മെക്കാനിക്കൽ ജോലികളുടെ കരാർ ആരാണ് ഏറ്റെടുത്തിരിക്കുന്നത് ;

(ഡി) പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ വർഷത്തിൽ എല്ലാ മാസവും ഇവിടെ നിന്നും

വൈദ്യുതോല്പാദനം സാധ്യമാകുമോ ; സാധ്യമാകാത്ത മാസങ്ങൾ ഏതൊക്കെ ; ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ/എങ്ങനെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പദ്ധതിക്കായി നിർമ്മിക്കുന്ന തടയണയുടെ മുകളിലൂടെ ഇരു കരകളെയും ബന്ധിപ്പിച്ച് വാഹനഗതാഗതം സാധ്യമാക്കുന്ന എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) പദ്ധതി നടപ്പാക്കാനുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ; പ്രശനം പരിഹരിച്ച് പണി മുന്നോട്ട് കൊണ്ടുപോകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; വ്യക്തമാക്കുമോ?

വള്ളിക്കുന്നം സെക്ഷൻ ആഫിസിന്റെ പ്രവർത്തനം

412. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം സെക്ഷൻ ആഫിസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ ;

(ബി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) വള്ളിക്കുന്നം സെക്ഷൻ ആഫീസിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലയിൽ എത്ര സെക്ഷൻ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ഓരോ സെക്ഷൻ ആഫീസുകൾക്ക് കീഴിലും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ ?

കർഷകർക്ക് ഏർപ്പെടുത്തിയ വൈദ്യുതിനിരക്ക്

413. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികൾക്ക് നൽകുന്ന താരിഫ് അനുസരിച്ചുള്ള വൈദ്യുതിനിരക്ക് കർഷകർക്ക് ഏർപ്പെടുത്തിയ നടപടി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഗാർഹിക കണക്ഷന് പോസ്റ്റ് ഒന്നിന് ഇപ്പോൾ പതിനയ്യായിരം രൂപ ഈടാക്കുന്ന നടപടി പിൻവലിക്കുമോ ?

അനെർട്ടിന്റെ പുന:സംഘടന

414. ശ്രീ.സി.മോയിൻ കുട്ടി

**,,** കെ.എം.ഷാജി

**,,** എൻ. ഷംസുദ്ദീൻ

**,,** വി.എം.ഉമ്മർ മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)-യുടെ പ്രവർത്തനം പുന:സംഘടിപ്പിച്ച് ഊർജ്ജസ്വലമാക്കുന്നതിനുള്ള പദ്ധതി ഏതെങ്കിലും പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഡോ.രവിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നും, അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ്

415. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കിളിനു കീഴിൽ പൂക്കൊളത്തൂർ സെക്ഷൻ ആഫീസ് ആരംഭിക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## പാവപ്പെട്ടവർക്കും പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്കും സൗജന്യ വൈദ്യുതി കണക്ഷൻ

416. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സൗജന്യങ്ങളാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത്;

(ബി) പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് പ്രത്യേകമായ സംവിധാനം കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ

417. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം പുതുതായി ഏർപ്പെടുത്തിയിട്ടുള്ള സേവന സൗകര്യങ്ങൾ വിശദമാക്കുമോ ;

(ബി) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി</u>

418. ശ്രീ.പി.തിലോത്തമൻ

,, വി.എസ്.സുനിൽ കുമാർ

,, ഇ.ചന്ദ്രശേഖരൻ

,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സബ്സിഡി നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി സബ്സിഡി നൽകുന്ന പണം വൈദ്യുതി വകുപ്പിന് കൃഷി വകുപ്പ് നൽകുന്നുണ്ടോ; ഇതിൽ എന്തുമാത്രം കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷിയെയും അനുബന്ധ മേഖലകളെയും ഏത് നിരക്കിലാണ് വൈദ്യുതി വകുപ്പ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ബാലുശ്ശേരി കിനാലൂർ **110** കെ.വി സബ്സ്റ്റേഷൻ നിർമ്മാണം</u>

419. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയമസഭാമണ്ഡലത്തിലെ കിനാലൂർ 110 കെ.വി സബ് സ്റ്റേഷൻ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ മൂന്നാം വാർഷികത്തിലും സബ് സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് ഏക്കർ ഭൂമിയും സബ് സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ തുകയും കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കിയിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിലെ സാങ്കേതിക തടസ്സം എന്താണെന്ന് അറിയിക്കാമോ;

(സി) സബ് സ്റ്റേഷൻ നിർമ്മാണത്തിൽ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരുടെ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് തുടർ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ഒരു ഉന്നത തലയോഗം വിളിക്കുന്ന കാര്യം പരിഗണിക്കാമോ?

<u>ചെറായി **110KV** സബ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ</u>

420. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി 110KV സബ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ നിയമിതനായിരുന്ന അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കാത്തത് മൂലം ദീർഘ നാളുകളായി പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ട് കിടക്കുന്ന വിവരം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദീർഘനാളുകളായി പ്രവർത്തി തടസ്സപ്പെടുന്നതുമൂലം പൊതുഖജനാവിനുണ്ടാകുന്ന നഷ്ടം, തീരദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കമ്മീഷനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

## **2014 - 15** ബഡ്ജറ്റിലെ വൈദ്യുത പദ്ധതികൾ

421. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 സംസ്ഥാന ബഡ്ജറ്റിൽ, പുതിയ സബ് സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കാനായി വകയിരുത്തിയ 240 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പേരാമ്പ്ര **33**കെ.വി സബ് സ്റ്റേഷൻ

422. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നീണ്ടുപോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) സബ് സ്റ്റേഷൻ പണി എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ?

## ഒറ്റപ്പാലം നിയമസഭാമണ്ഡലത്തിലെ **33KV** സബ്സ്റ്റേഷൻ

423. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയമസഭാമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33KV സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ലക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; അതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലത്ത് 110 KV സബ്സ്റ്റേഷൻ സ്ഥലത്ത് സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കാമോ?

<u>മങ്കടയിൽ **66KV** സബ്സ്റ്റേഷൻ</u>

424. ശ്രീ.റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിൽ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) 66KV സബ്സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>കൊച്ചി മെട്രോ</u>

425. ശ്രീ.ബെന്നി ബെഹനാൻ

**,,** അൻവർ സാദത്ത്

**,,** ഡൊമിനിക് പ്രസന്റേഷൻ

**,,** ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

(സി) പദ്ധതിക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ?

<u>റെയിൽവേ വികസന പദ്ധതികൾ</u>

426. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**,,** റ്റി.എ.അഹമ്മദ് കബീർ

**,,** സി.മമ്മൂട്ടി

**,,** പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തു നിന്നും ആരംഭിക്കുന്ന പല ട്രെയിനുകളും അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ടു പോകാൻ നടക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു ചെയ്യാനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് സംസ്ഥാനത്തിന് നിലവിലുള്ള ട്രെയിനുകൾ നഷ്ടപ്പെടാനും പുതിയവ കിട്ടാതിരിക്കാനും ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തിര നടപടികൾ

സ്വീകരിക്കുമോ?

സബർബൻ ട്രെയിൻ

427. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബർബൻ ട്രെയിൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ

428. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ - തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു സ്ലീപ്പർ കോച്ചും, ഒരു എ.സി കോച്ചും കൂടി പ്രസ്തുത തീവണ്ടിയിൽ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) സാങ്കേതികമായി അധിക ബോഗി അനുവദിക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ, വളരെയധികം യാത്രക്കാർ ആശ്രയിക്കുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

തീവണ്ടികളിലെ പഴക്കം ചെന്ന ബോഗികൾ

429. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെ ഓടുന്ന തീവണ്ടികളിലെ ബോഗികൾ മിക്കവയും പഴക്കം ചെന്നതാണെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് കൈകൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം

430. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കേരളത്തിന് പുതിയ ബോഗികൾ അനുവദിക്കുന്നതിനും 15 വർഷം കഴിഞ്ഞ ബോഗികൾ മാറ്റുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ബോഗികൾ കൃത്യമായി ശുചീകരിക്കുന്നതിനും എലി, പാറ്റ എന്നിവയുടെ ശല്യം നീക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ ?

## കേന്ദ്ര നയത്തിന്റെ ഫലമായുള്ള തപാൽ മേഖലയിലെ പ്രശ്നങ്ങൾ

431. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തപാൽ വകുപ്പ് ഡൗൺസൈസ് ചെയ്യുക എന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയെങ്കിലും തപാലാഫീസുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എവിടെയെല്ലാം;

(ബി) തപാൽ മേഖലയിൽ വരാൻ പോകുന്ന ഈ പ്രശ്നത്തിൽ സർക്കാർ നിലപാട് വിശദമാക്കാമോ?

## മലിനീകരണ നിയന്ത്രണ സംവിധാനം

432. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്ത എത്ര സ്ഥാപനങ്ങളാണുള്ളത്;

(ബി) ഇവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ നടപടി

433. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കാപ്പിത്തോട് മാലിന്യം നിറഞ്ഞ് ജനജീവിതം ദുസ്സഹമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാപ്പിത്തോട് മാലിന്യമുക്തമാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## സഹകരണ ബാങ്ക് വായ്പ

434. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും സംസ്ഥന സർക്കാർവായ്പ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

## ഭവനശ്രീ പദ്ധതി വായ്പ

435. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഭവനശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾ എത്ര തുക വായ്പയായി നൽകിയിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാർ ഭവനശ്രീ വായ്പ എഴുതി തള്ളിയശേഷം ഈ ബാങ്കുകൾക്ക് എത്ര തുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്;

(സി) ഈ വായ്പകളിൽ പലിശ ഉൾപ്പെടെ എത്ര തുക ഇനിയും ലഭിക്കാനുണ്ട് ;

(ഡി) വായ്പാ തുകയും പലിശയും ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ ?

## വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

436. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമാർക്കറ്റിലെ അനിയന്ത്രിത വിലക്കയറ്റം തടയുന്നതിനായി സഹകരണമേഖല മുഖേന സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കും മായം കലർത്താതെയും ഉപഭോക്താവിന് ലഭിയ്ക്കുന്നതിനായി കൺസ്യൂമർ ഫെഡ് ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര നന്മസ്റ്റോറുകൾ ആരംഭിക്കുന്നതിനായിരുന്നു നടപടികൾ തുടങ്ങിയത് ; ആയത് പ്രവർത്തനം തുടങ്ങിയോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മസ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ ?

## ജൈവ പച്ചക്കറി ഉത്പാദനം

437. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണകൈരളി പദ്ധതിയനുസരിച്ച് ജൈവ പച്ചക്കറി ഉത്പാദനത്തിനായി മുന്നോട്ടുവന്നിട്ടുള്ള സഹകരണ സംഘങ്ങളെത്രയെന്ന് വിശദമാക്കാമോ ;

(ബി) ആലില പദ്ധതി നടപ്പ് വർഷവും തുടരുന്നുണ്ടോ ; വിശദമാക്കാമോ ?

## വില പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ

438. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന ഓണം, ക്രിസ്മസ് തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് റേഷൻ കാർഡുടമകൾക്ക് അരി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ വിവിധ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ;

(സി) അവശ്യ സാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന ഇടപെടലുകൾ ഏതെല്ലാം ; വ്യക്തമാക്കാമോ ?

<u>കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി</u>

439. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കി; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എത്ര രൂപയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

<u>നന്മ സ്റ്റോറുകൾ</u>

440. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നന്മ സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>നിതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ നടത്തിപ്പിലെ ക്രമക്കേട്</u>

441. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നീതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അതു പ്രകാരം എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്;

(ഇ) ഇവർക്കെതിരെ എന്തുശിക്ഷാനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## സഹകരണ മേഖലയുടെ സമഗ്ര വികസനം

442. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത്; ഏതെല്ലാം ഇനത്തിൽ എത്ര തുക ചെലവഴിച്ചു ; ഇനി ചെലവഴിക്കപ്പെടാനുള്ള തുക എത്ര; വിശദമാക്കുമോ?

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ വികസനത്തിനായി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി എത്ര തുക 2012-13, 2013-14, 2014-15 വർഷങ്ങളിൽ ചെലവഴിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

## സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ

443. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ;

(ബി) സഹകരണ ബാങ്കുകൾ വഴി കാർഷിക മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കിയ വായ്പാ പദ്ധതികൾ എന്തെല്ലാം?

## സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

444. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടായത് ; വിശദമാക്കാമോ ?

## സഹകരണ ബാങ്കുകളിലെ നിക്ഷേപം

445. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായനികുതി വകുപ്പ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എത്ര തുകയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളെക്കുറിച്ചാണ് വിവരങ്ങൾ നൽകേണ്ടത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) വാണിജ്യബാങ്കുകൾ 10 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപം ഉള്ളവരുടെ വിവരങ്ങൾ മാത്രം നൽകിയാൽ മതിയെന്നിരിക്കെ, സഹകരണബാങ്കുകളെ തകർക്കുന്നതാണ് ആദായനികുതി വകുപ്പിന്റെ ഈ നീക്കം എന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സഹകരണബാങ്കുകളെ സംരക്ഷിക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## സഹകരണ ബാങ്കുകളിൽ അംഗത്വം

446. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ അംഗത്വമെടുക്കുന്നതിന് ഏതു വിധത്തിലാണ് അപേക്ഷകൾ നൽകേണ്ടത്;

(ബി) അംഗത്വത്തിന് അപേക്ഷിക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(സി) സഹകരണ ബാങ്കുകളുടെ ഭരണ സമിതിയോ ബോർഡ് അംഗമോ ശുപാർശ ചെയ്യാത്തയാൾക്ക് യോഗ്യതയുണ്ടെങ്കിലും അംഗത്വം നൽകരുതെന്ന് ചട്ടങ്ങളിൽ പറയുന്നുണ്ടോ; അപ്രകാരം ചട്ടങ്ങളിൽ വ്യവസ്ഥയില്ലെങ്കിൽ അംഗത്വത്തിനുള്ള അപേക്ഷാ ഫോറം പോലും നിഷേധിക്കുന്ന ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

## സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള കാർഷിക വായ്പകൾ

447. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും സഹകരണ സ്ഥാപനങ്ങൾ മുഖേന എത്ര തുകയുടെ കാർഷിക വായ്പകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കാമോ ?

## സഹകരണ സ്ഥാപനങ്ങൾ എഴുതിത്തള്ളിയ ലോൺ

448. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തശേഷം മരിച്ചുപോകുന്ന സഹകാരികളുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ എന്തു തുക എഴുതിത്തള്ളിയിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

<u>സഹകരണ സ്ഥാപനങ്ങളുടെ നവീകരണം</u>

449. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പി.പി.പി. പദ്ധതികൾക്ക് നൽകുന്ന സഹായം പോലും സഹകരണ സംഘങ്ങൾക്ക് നൽകാത്തത് എന്തുകൊണ്ടാണ് ;

(സി) സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും സർക്കാർ വക ഭൂമിയും സ്ഥാപനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>സഹകരണ സംഘങ്ങൾക്കായി കർമ്മ പദ്ധതികൾ</u>

450. ശ്രീ.ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കാമോ?

<u>ജില്ലാ സഹകരണ ബാങ്ക് ശാഖകളിലെ ബ്രാഞ്ച് മാനേജർ തസ്തിക</u>

451. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകളുടെ വിവരം പി.എസ്സ്.സി- യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിലുള്ള ഒഴിവുകളുടെ എണ്ണവും അത് പി.എസ്സ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതിയും വെളിപ്പെടുത്താമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ പി.എസ്സ്.സി മുഖേന നിയമനം നടത്തുന്ന തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തരുത് എന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത നടപടി

452. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നാണ് സർക്കാർ ഏറ്റെടുത്തത് എന്നും ഏറ്റെടുക്കുന്നതിന് മുൻപ് മെഡിക്കൽ കോളേജിന്റെ ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തിയിരുന്നോ എന്നും വിശദമാക്കാമോ;

(ബി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പുമായി എന്തെങ്കിലും ധാരണപത്രം ഒപ്പ വച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൊച്ചി സഹകരണ മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുമ്പോൾ കേപ്പിന് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നോ; നഷ്ടപരിഹാരമായി എന്തെങ്കിലും തുക കേപ്പിന് ലഭിച്ചോ; വ്യക്തമാക്കാമോ;

(ഡി) സഹകരണ മെഡിക്കൽ കോളേജിലെ ജീവനക്കാരെ സർക്കാർ ഏറ്റെടുത്തോ; വിശദാംശം നൽകുമോ;

(ഇ) സർക്കാർ ഏറ്റെടുത്ത തീയതി മുതൽ ഇതുവരെ മെഡിക്കൽകോളേജിന്റെ നടത്തിപ്പിനായി കേപ്പ് എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

453. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ അധീനതയിൽ ഉള്ള ശാഖകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുക ളുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയതായി അനുവദിച്ച ശാഖകളിലെ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ?

ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ .

454. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര തുക ഗ്രാന്റായി നൽകി; ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതം; വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>നാട്ടിക മണ്ഡലത്തിലെ ത്രിവേണി/നന്മ/നീതി സ്റ്റോറുകൾ</u>

455. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി/നീതി/നന്മ സ്റ്റോറുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്റ്റോറുകളിൽ വേണ്ടത്ര ഉല്പന്നങ്ങൾ വില്പനക്കില്ലാത്തതുകൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>അംഗത്വം നിഷേധിക്കുന്ന സഹകരണ ബാങ്കുകൾ</u>

456. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ സഹകരണ ബാങ്കുകളിൽ യോഗ്യതയുള്ളവർക്ക്പോലും അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗത്വം നിഷേധിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കെതിരെ എവിടെയാണ് പരാതി നൽകേണ്ടതെന്നും ഈ വിധം നൽകുന്ന പരാതിയിൽ പരിഹാരം ലഭിച്ചില്ലെങ്കിൽ എന്തു തുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്നും വെളിപ്പെടുത്തുമോ;

(സി) യോഗ്യതയുള്ളവർക്ക് അംഗത്വം നിഷേധിക്കുന്നതു പോലെയുള്ള നടപടികൾ സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കെതിരെ വകുപ്പ്തലത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുകയെന്നു വ്യക്തമാക്കുമോ?

<u>പരിയാരം മെഡിക്കൽകോളേജ്.</u>

457. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ?

<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ</u>

458. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ കണക്കുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു; എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭത്തിലാക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പ എത്രയെന്ന് വ്യക്തമാക്കുമോ; ആകെ കാർഷിക വായ്പയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ കണക്ക്, വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) കാർഷിക വായ്പ തീരെ നൽകാത്ത സംഘങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ത്രിവേണി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും പ്രവർത്തനം

459. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിനു കീഴിലുള്ള ത്രിവേണി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും പ്രവർത്തനത്തിന് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ സബ്സിഡിനിരക്കിലും ന്യായവിലയ്ക്കും ലഭ്യമാക്കാൻ സഹകരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വില്പന മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

## ത്രിവേണി/നീതി / നന്മ സ്റ്റോറുകളിലെ വിപണനം

460. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ത്രിവേണി//നീതി സ്റ്റോറുകളിലും കൂടാതെ നന്മ സ്റ്റോറുകളിലും വിപണനം നടത്തി വന്നിരുന്ന സാധനങ്ങളുടെ വില എത്രയായിരുന്നു ;

(ബി) തുടർന്ന് ഓരോ വർഷവും ഏപ്രിൽ ഒന്നിന് അവയുടെ വില എത്ര എന്നും 2015 മേയ് മാസത്തെ വില എത്ര എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കാലയളവിലെ ഓരോ സാധനങ്ങൾക്കും വർദ്ധിച്ച വില എത്ര എന്നും ഏതെങ്കിലും സാധനങ്ങൾക്ക് കഴിഞ്ഞ സർക്കാരിനേക്കാൾ കുറവു വിലയുണ്ടോ എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഡി) ത്രിവേണി//നീതി/നന്മ സ്റ്റോറുകൾ (മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ) വിവിധ സാധനങ്ങൾ /മരുന്നുകൾ എന്നിവയുടെ 2015 മേയ് മാസത്തിലെ വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ; ഒപ്പം ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ ;

(ഇ) ത്രിവേണി/നീതി/നന്മ സ്റ്റോറുകളിൽ പൊതു ജനത്തിനാവശ്യമുള്ള അവശ്യ സാധനങ്ങളുടെ അഭാവം ഉണ്ടെന്നുള്ള പരാതിയുള്ളതിനാൽ നിലവിലെ സ്റ്റോക്കു വിവരം ലഭ്യമാക്കുമോ ?

<u>ത്രിവേണി/നീതി /നന്മ / സ്റ്റോറുകൾ</u>

461. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര ത്രിവേണി/നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ/മറ്റു ന്യായവില വിപണന കേന്ദ്രങ്ങൾ എന്നിവ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഓരോവർഷവും എത്ര നന്മ സ്റ്റോറുകൾ തുറന്നു പ്രവർത്തനം നടത്തി എന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ പ്രതിസന്ധി നേരിട്ടതു പ്രകാരം ഓരോ വർഷവും അടച്ച സ്ഥാപനങ്ങൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്നതു മൂലം അടച്ചുപൂട്ടിയവ ഏതെല്ലാമെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ; ഇതിനുകാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഇ) ഇവ തുടർന്ന് പ്രവർത്തിപ്പിയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഇതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ത്രിവേണി/നന്മ/നീതി സ്റ്റോറുകൾ</u>

462. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ത്രിവേണി/നന്മ/നീതി സ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് (സ്ഥിരം/താല്ക്കാലികം) ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ഇവയുടെ പ്രവർത്തനം ലാഭകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ഇക്കഴിഞ്ഞ വാർഷിക സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>സുവർണ്ണ കേരളം പദ്ധതി</u>

463. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, പി.എ.മാധവൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി

ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി സാങ്കേതിക വിദ്യകൾ കൈമാറുവാൻ ഉദ്ദേശിക്കുന്നത്;

(സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷി രീതികളും ഉൽപാദനോപാധികളുമാണ് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ</u>

464. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സ്ഥലം എം. എൽ. എ. വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്താമോ ;

(ബി) ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ ആരൊക്കെ ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത ബാങ്കിലെ നിക്ഷേപകർക്ക് പണം അടിയന്തരമായി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

<u>കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ</u>

465. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ മൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കൺസ്യൂമർ ഫെഡിന്റെസ്റ്റോറുകൾ</u>

466. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ, നീതി സ്റ്റോർ എന്നിവയുടെ എത്ര വീതം ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ 2014-15 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്ര കോടി രൂപയാണ് ;

(സി) അടുത്ത കാലത്ത് ചില ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടുകയുണ്ടായോ ; എങ്കിൽ എത്ര എണ്ണം വീതം അടച്ചു പൂട്ടി ;

(ഡി) അടച്ചുപൂട്ടിയതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് വൻ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്റ്റോറുകളെ ജനോപകാരപ്രദമായ രീതിയിൽ നിലനിറുത്തിക്കൊണ്ടു പോകുന്നതിന് കൺസ്യൂമർ ഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

## അടച്ചുപൂട്ടുന്ന ത്രിവേണി ഔട്ട്‌ലെറ്റുകളും ഗോഡൗണുകളും

467. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം ത്രിവേണി ഔട്ട്‌ലെറ്റുകളും ഗോഡൗണുകളുമാണ് അടച്ചു പൂട്ടുന്നതിന് ഉത്തരവായതെന്ന് അറിയിക്കുമോ;

(ബി) വാളകത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി ഗോഡൗൺ അടച്ചു പൂട്ടുന്നതിന് ഇടയായ സാഹചര്യം വെളിപ്പെടുത്താമോ;

(സി) അടച്ചു പൂട്ടിയ ത്രിവേണി ഔട്ട്‌ലെറ്റുകളിലെ ജീവനക്കാരുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പഴയകുന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പ്

468. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലവിലുണ്ടോ ;

(ബി) എത്ര രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളതെന്നും കേസിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ ;

(സി) ഈ ബാങ്കിന്റെ ആസ്തി എത്ര രൂപയാണെന്നും വായ്പയിനത്തിൽ നൽകിയ തുക എത്ര എന്നും വിശദമാക്കാമോ ?

## കൺസ്യൂമർഫെഡിലെ നിയമനങ്ങൾ

469. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം, സ്ഥിരമായോ താത്കാലികമായോ, ദിവസക്കൂലിയടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ട്; അവരിൽ ഇപ്പോഴും തുടർന്നു വരുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർഫെഡിലെ താത്കാലിക നിയമനങ്ങൾ സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ വിധി എന്തായിരുന്നുവെന്നും വിധിയ്ക്കു ശേഷം നടത്തിയ നിയമനങ്ങൾ എത്രയെന്നും അറിയിക്കുമോ;

(സി) കൺസ്യൂമർഫെഡ് ഇന്നത്തെ നിലയിലേയ്ക്ക് എത്താനിടയാക്കിയ നടപടികളിൽ മേല്പറഞ്ഞ തരത്തിലുള്ള നിയമനങ്ങൾ കൂടി കാരണമായിട്ടുണ്ടായിരുന്നുവോ; വിശദമാക്കാമോ?

<u>പൊന്നാനിമണ്ഡലത്തിലെ ത്രിവേണി മൊബൈൽ യൂണിറ്റ്</u>

470. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന് കീഴിലുള്ള മൊബൈൽ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതമൊബൈൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിലാണ് ഇപ്പോൾ മൊബൈൽ ത്രിവേണി യൂണിറ്റ് പ്രവർത്തിക്കുന്നത്; ഓരോ സ്ഥലത്തേയും വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ?

<u>മിഷൻ **676 -** ൽ ഉൾപ്പെടുത്തിയ സഹകരണ മേഖലയിലെ പദ്ധതികൾ</u>

471. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

**,,** വി.ഡി.സതീശൻ

**,,** സണ്ണി ജോസഫ്

**,,** പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 - ൽ ഉൾപ്പെടുത്തി സഹകരണ മേഖല, പലിശരഹിത വായ്പയും നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

## സഹകരണ വകുപ്പിലെ ജീവനക്കാരുടെ JDC ട്രെയിനിംഗ്

472. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജീവനക്കാരെ ജെ. ഡി. സി. ട്രെയിനിംഗിന് തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;വിശദമാക്കുമോ ;

(ബി) 2015-16 - ലെ ജെ. ഡി. സി. ട്രെയിനിംഗിന് എത്ര പേരെയാണ് തെരെഞ്ഞെടുത്തത് ; അവരുടെ പേരു വിവരം അറിയിക്കാമോ ; അവരെല്ലാം സർവ്വീസിൽ പ്രവേശിച്ചത് എന്നാണ് ; വിശദമാക്കാമോ ?

## ഖാദി ഗ്രാമ വ്യവസായ മേഖലയിലെ വികസനം

473. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ മേഖലയുടെ പശ്ചാത്തല സൗകര്യവികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(സി) ഖാദിയ്ക്ക് ആഗോള ട്രേഡ് മാർക്ക് നേടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ട്; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ് ;

(ഡി) ഖാദി വസ്ത്രങ്ങളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതി അവലംബിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ?

## ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണം

474. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) നിലവിൽ ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിനായി എത്ര സർക്കാർ ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു എന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) ഈ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ എണ്ണം (സ്ഥിരം/താൽക്കാലികം) തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) സർക്കാരിന്റെ ആഭ്യന്തര ഖാദി വിപണന മേഖല നിലവിൽ ലാഭകരമായാണോ പ്രവർത്തിച്ചു വരുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

## തെക്കേക്കര പല്ലാരിമംഗൽ ഖാദിസൗഭാഗ്യയ്ക്ക് കെട്ടിട നിർമ്മാണം

475. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പല്ലാരിമംഗൽ ഖാദിസൗഭാഗ്യയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നഷ്ടത്തിലായ ഖാദി-ഗ്രാമ വ്യവസായ യൂണിറ്റുകൾ

476. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഖാദി-ഗ്രാമ വ്യവസായ യൂണിറ്റുകളാണുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ എണ്ണം എത്രയാണ് ;

(സി) ഇവ നഷ്ടത്തിലാകാൻ കാരണം എന്താണ് ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഇ-ഫയലിംഗ് സംവിധാനം

477. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് ജീവനക്കാർക്കുള്ള അഭിപ്രായം ആരായുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇ-ഫയലിംഗ് സംവിധാനത്തിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## പൊതുകടം

478. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം എത്ര കോടിയായിരുന്നു;

(ബി) ഈ സർക്കാർ ഓരോ സാമ്പത്തിക വർഷവും എത്ര കോടിയുടെ പുതിയ കടം എടുത്തുവെന്നു അറിയിക്കുമോ ;

(സി) 2015 മാർച്ച് 31 അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര കോടിയായി വർദ്ധിച്ചുവെന്നു വ്യക്തമാക്കുമൊ;

(ഡി) 2016 മാർച്ച് 31 ആകുമ്പോൾ പൊതുകടം എത്ര കോടിയായി വർദ്ധിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

<u>ശമ്പളപരിഷ്കരണം</u>

T 479. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ശമ്പളക്കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ഏതു വർഷവും ഏതു മാസവും മുതലാണ് ശമ്പള വർദ്ധനവ് നടപ്പാക്കേണ്ടത് ; പ്രസ്തുത തീയതി മുതൽ ശമ്പളപരിഷ്കരണം ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ പ്രതിഷേധമോ ആശങ്കയോ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത് ;

(ഇ) ശമ്പളക്കമ്മീഷനെ നിയമിച്ചത് എന്നു മുതലാണെന്നും ആയതിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>പേ റിവിഷൻ</u>

480. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ റിവിഷൻ കമ്മീഷൻ യോഗത്തിൽ വകുപ്പധ്യക്ഷൻമാരുമായി നടത്തിയ മീറ്റിംഗിന്റെ മിനിറ്റ്സ് തയ്യാറായിട്ടുണ്ടോ;

(ബി) ഇതിൽ വകുപ്പധ്യക്ഷൻമാർ രേഖപ്പെടുത്തിയ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ?

<u>ഡോ: പി. വി. ജോർജിന്റെ അഡ്വാൻസ് ഇൻക്രിമെന്റ്</u>

481. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാനിയോസ് കോളേജിൽ നിന്നു റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ: പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതു സംബന്ധിച്ച് 42037/EdnC2/Finance നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും അഭിപ്രായങ്ങളും വിദ്യാഭ്യാസ വകുപ്പ് ധനകാര്യ വകുപ്പിന് പുനർ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഡോ: ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ;

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർമാർക്ക് സമാനമായ കേസ്സുകളിൽ അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയിട്ടുള്ള കാര്യം പരിശോധിക്കുമോ;

(ഡി) എങ്കിൽ ഡോ: പി.വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ ഫയലിൽ ഉടൻ തീരുമാനമെടുക്കുമോ?

എം.എൽ.എ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്

482. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ തുക എത്രയെന്നു വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വാർഷിക അടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ ?

പൊതു കടം

483. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ അവസാന കാലത്ത് സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നു;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പൊതുകടം എത്ര രൂപയായി വർദ്ധിച്ചുവെന്ന് വിശദമാക്കാമോ?

വിഭവ സമാഹരണവും പദ്ധതിവിഹിതവും

484. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.എ. പ്രദീപ്കുമാർ
**,,** ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഭവ സമാഹരണത്തിനനുസൃതമല്ലാതെ പദ്ധതി വിഭാവനം ചെയ്യതായുള്ള പരാതിയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പണം നൽകുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

അധിക നികുതിയിലൂടെയുള്ള വരുമാനം

485. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയതെന്ന് വ്യക്തമാക്കുമോ; ഇതിലൂടെ എത്ര തുകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) 2012-2013 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത് ; ഇതിലൂടെ എത്ര തുകയുടെ അധിക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2013-2014 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത്; ഇതിലൂടെ എത്ര തുകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) 2014-2015 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത്; ഇതിലൂടെ എത്ര തുകയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

## വിദേശ വായ്പ

T 486. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശങ്ങളും, ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എന്ത് തുടർനടപടിയാണ് സ്വീകരിച്ചു വരുന്നതെന്നും വിശദമാക്കുമോ;

(ഡി) ഏതെല്ലാം വിദേശ വായ്പകളാണ് ഇപ്പോൾ തിരിച്ചടച്ചു കൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ ?

## ആസ്തി വികസന ഫണ്ട്

487. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് പ്രകാരം ഡിപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചാൽ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് പണം നൽകുമോ ;

(ബി) ആയത് പ്രകാരം പൂർത്തീകരിക്കുന്ന പ്രവൃത്തികൾക്ക് താമസം കൂടാതെ പണം ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

## പത്ത് വർഷത്തെ സ്റ്റേറ്റ് എക്സൈസ് വരുമാനം

488. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ സ്റ്റേറ്റ് എക്സൈസ് വഴിയുള്ള വരുമാനം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ സ്റ്റേറ്റ് എക്സൈസ് വരുമാനം പ്രതീക്ഷിച്ചത് എത്ര രൂപ വീതം ; കളക്ഷൻ എത്ര രൂപ ; വിശദമാക്കാമോ;

(സി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലും കുറവും വരുമാനം ലഭിച്ച വർഷങ്ങൾ ഏതെല്ലാമാണ് ; ശതമാനകണക്കിൽ വിശദമാക്കാമോ ?

<u>ശമ്പള പരിഷ്കരണം</u>

T 489. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ;

(ബി) ശമ്പള പരിഷ്കരണ പ്രാബല്യ തീയതി എന്നു മുതലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; അഞ്ചുവർഷ തത്വം പാലിച്ച് കൊണ്ട് ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിരിക്കുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം വേണമെന്ന ജീവനക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇടക്കാലാശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>വിവിധ വകുപ്പുകളിലെ അസിസ്റ്റന്റുമാരുടെ തസ്തികകൾ</u>

490. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പ്, കേരള പി.എസ്.സി., പൊതുഭരണ വകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവയിലോരോന്നിലെയും അസിസ്റ്റന്റുമാരുടെ എണ്ണം, സാംങ്ഷൻഡ് സ്ട്രെങ്ത്,പ്രൊമോഷൻ തസ്തികകൾ എന്നിവ സംബന്ധിച്ചവിശദാംശം വ്യക്തമാക്കുമോ?

<u>പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക</u>

491. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്ര; ഇതിൽ വകയിരുത്തപ്പെട്ട തുക എത്ര; യഥാർത്ഥത്തിൽ ചെലവഴിച്ച തുക എത്ര;

(ബി) 2014-15 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്രയായിരുന്നു; അവയിൽ എത്ര പദ്ധതികൾക്ക് മുൻവർഷം ഭരണാനുമതി നല്കിയിരുന്നു; ഇവയിൽ നടപ്പിലാക്കിയവ എത്ര?

നികുതി ഇളവ്

492. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലയിൽ നികുതി ഇളവ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നികുതി ഇളവ് നൽകാൻ ഉണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ?

നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി

493. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി ആരംഭിച്ചത് എന്നാണ് ; പദ്ധതി വിഭാവനം ചെയ്തതനുസരിച്ച് 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 140 മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ പദ്ധതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് ;

(ബി) നാളിതുവരെ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര ;

(സി) ആസ്തി വികസന ഫണ്ട് പദ്ധതിയനുസരിച്ച് സാമാജികന്മാർ, നാളിതുവരെ നിർദ്ദേശിച്ച മൊത്തം പ്രവൃത്തികൾ എത്ര ; സർക്കാർ ഭരണാനുമതി നല്കിയ പ്രവൃത്തികൾ എത്ര ; മൊത്തം എത്ര കോടി രൂപയുടെ ഭരണാനുമതി നൽകി ; ഇതിൻപ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഭരണാനുമതിക്കായി എത്ര നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു ; അതിൽ 2015 മാർച്ച് 31 വരെയുള്ള നിർദ്ദേശങ്ങൾ എത്രയായിരുന്നു ?

അടൂർ നിയോജക മണ്ഡലത്തിലേയ്ക്ക് ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ്

494. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി നാളിതുവരെ നൽകിയിട്ടുള്ള പ്രത്യേകാനുമതികളുടെ വിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) അടൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ബസ് വാങ്ങാനുള്ള നിർദ്ദേശത്തിന്മേൽ തുടർനടപടി എടുക്കുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സർക്കാർ സ്കൂളുകളെ നിലനിർത്തുന്നതിന് സഹായകരമായ ഇത്തരം നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുവാൻ കാലവിളംബം വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ;

(ഡി) അടൂർ നിയോജകമണ്ഡലത്തിൽ നിന്നും പരിഗണനയിലുള്ള ബന്ധപ്പെട്ട ഫയലിന്മേൽ

പ്രത്യേക അനുമതി സമയബന്ധിതമായി ലഭ്യമാക്കുമോ?

<u>നികുതി പിരിവിലെ ഏറ്റക്കുറച്ചിലുകൾ</u>

495. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദമാക്കാമോ ;

(ബി) ബജറ്റ് പാസാക്കിയതിനു ശേഷം ഓർഡിനൻസിലൂടെ അധിക നികുതി ചുമത്തുന്നത് ധനകാര്യ മാനേജമെന്റിന്റെ വീഴ്ചയായി വിലയിരുത്തുകയുണ്ടായോ ;

(സി) അധിക നികുതി ഏർപ്പെടുത്തിയത് വഴി എത്ര കോടി രൂപ അധികമായി പിരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 2015-16 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത് എന്നും, കഴിഞ്ഞ സാമ്പത്തിക വർഷം ചുമത്തിയ അധിക നികുതി ഈ വർഷവും ചുമത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) 2014-15 സാമ്പത്തിക വർഷം വൻകിടക്കാരിൽ നിന്നും പിരിഞ്ഞു കിട്ടേണ്ടിയിരുന്ന നികുതി കുടിശ്ശിക പിരിഞ്ഞു കിട്ടിയോ ; ഇല്ലെങ്കിൽ എത്ര കോടി കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ; ഇത് ധനകാര്യവകുപ്പിന്റെ വീഴ്ചയായി കരുതുന്നുണ്ടോ ?

<u>അസറ്റ് ഡവലപ്മെന്റ് ഫണ്ട്</u>

496. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗ ചുമതല സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് മാതൃകയിൽ ജില്ലാ കളക്ടറെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>നികുതി വർദ്ധനവില്ലൂടെയല്ലാതെയുള്ള വരുമാനവർദ്ധനവ്</u>

497. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നികുതി വർദ്ധനവില്ലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) വിവിധ വകുപ്പുകളിലൂടെ വർധിപ്പിച്ച ഓരോ ഇനവും വർധിപ്പിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച് വിശദമാക്കാമോ?

<u>കാരുണ്യ പദ്ധതി</u>

498. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാതെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവന്ന എത്രപേർ തുടർന്ന് കാരുണ്യപദ്ധതിപ്രകാരമുള്ള ചികിത്സാ സഹായത്തിനായി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം അപേക്ഷകളിന്മേൽ ശസ്ത്രക്രിയ നടത്തിയതിനും അടിയന്തര ചികിത്സ തേടിയതിനും മതിയായ രേഖകൾ ഉണ്ടെങ്കിൽ അനുകൂലമായ തീരുമാനങ്ങൾ സ്വീകരിക്കാമോ;

(സി) സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അടിയന്തര ശസ്ത്രക്രിയകൾക്ക് വിധേയരായി ചികിത്സാ ചെലവുകളുടെ രേഖകൾ സഹിതം സർക്കാരിന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീരുമാനം എടുക്കാൻ അവശേഷിക്കുന്നവ എത്രയാണ്; വിശദമാക്കാമോ?

## ധനകാര്യ കമ്മീഷൻ

499. ശ്രീ.എളമരം കരീം
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.എ. പ്രദീപ്കുമാർ
,, ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കമ്മി നികത്തുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത സഹായങ്ങൾ വിശദമാക്കാമോ ;എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായിട്ടാണ് പ്രസ്തുത സഹായങ്ങൾ അനുവദിക്കുന്നത് ;

(ബി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദൃഢീകരണ പാതയിലെ ലക്ഷ്യം കൈവരിക്കുന്നതിന് സ്വികരിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(സി) ഏതെല്ലാം മേഖലയിൽ എന്തെല്ലാം വിധത്തിലുള്ള സാമ്പത്തിക അച്ചടക്കം പാലിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ;

(ഡി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2015-16 ൽ ബജറ്റിൽ പ്രതീക്ഷിച്ച തുക എത്ര ?

## കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി

500. ശ്രീ.കെ.ശിവദാസൻ നായർ
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകി വരുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായം യഥാസമയം രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ധനകാര്യ അനുമതിയും ഭരണാനുമതിയും

501. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പ്രൊജക്ടുകൾക്കും എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടുകൾക്കും ധനകാര്യ അനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലമുള്ള പ്രതിസന്ധികൾ പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ധനകാര്യവകുപ്പ് നോഡൽ സെല്ലിലും മറ്റും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ്

502. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിതവ്യയം നടപ്പിലാക്കുന്നതിനും ധനകാര്യ വകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിൽ, ജോയിന്റ് ഇന്ത്യാ ഐ.എം.എഫ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ പരിശീലന കേന്ദ്രങ്ങളിൽ ട്രെയിനിംഗ് ലഭിച്ച എത്ര ഉദ്യോഗസ്ഥർ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദമാക്കാമോ?

(സി) ഇത്തരം ട്രെയിനിംഗ് കൂടുതൽ ജീവനക്കാർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

T 503. ശ്രീമതി.ജമീലാ പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പത്താം ശമ്പള കമ്മീഷനെ നിയമിച്ചതെന്നാണ് ;

(ബി) ശമ്പള കമ്മീഷൻ നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കപ്പെട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

## നിക്ഷേപക സുരക്ഷ

504. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കുവാനും, അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) നിക്ഷേപ തട്ടിപ്പുകൾ തടയുന്നതിന് പ്രസ്തുത നടപടി എത്രത്തോളം പര്യാപ്തമാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ നിയമ നിർമ്മാണം ഉദ്യോഗസ്ഥ തലത്തിൽ നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

## ഭരണാനുമതി നൽകിയ ആസ്തി വികസന പദ്ധതികൾ

505. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാട്ടിക നിയോജകമണ്ഡലം ആസ്തി വികസന നിധിയിൽ നിന്ന് ഭരണാനുമതി നല്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി നൽകിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും തുക വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ ?

## കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ട്

506. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിക്കാനായി ഇനി എത്ര പ്രവൃത്തികൾ ധനകാര്യവകുപ്പിന്റെ പരിഗണനയിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

## അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതികൾ

507. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരം നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളത്; പ്രവൃത്തിയുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളുടെ നിർദ്ദേശങ്ങളാണ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി ബാക്കിയുള്ളത് ; ഈ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്നതിന് അനന്തമായ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പ്രപ്പോസലുകൾക്ക് കാലതാമസം കൂടാതെ അംഗീകാരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

<u>ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക അനുവദിക്കൽ</u>

508. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് ആരോഗ്യവകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിക്കാമോ?

<u>സാമ്പത്തിക വളർച്ചാ നിരക്ക്</u>

509. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) 2012-ന് ശേഷം സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ ശരാശരിക്ക് മുകളിൽ ഉയർന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) സാമ്പത്തിക വളർച്ചാ നിരക്കിൽ വർദ്ധിച്ചു വരുന്ന പൊതുകടം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി</u>

510. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും ഹെഡ് ഓഫ്

അക്കൗണ്ട് പ്രവ്യത്തിപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തനക്ഷമമാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇതിൻ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയും സെസ്സും</u>

511. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയും സെസ്സും ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പ്രതീക്ഷിക്കുന്ന വരുമാനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ വരുമാനം എത്രയായിരുന്നു;

(ബി) നികുതിയും സെസ്സും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നികുതിയിലൂടെ ലഭിക്കുന്ന അധിക വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വില വർദ്ധനമൂലം ഉണ്ടാകുന്ന അധിക നികുതി ഉപേക്ഷിക്കാത്തത് എന്തുകൊണ്ടാണ്?

<u>സർക്കാർ സേവനഫീസ് വർദ്ധനവ്</u>

512. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റശേഷം എത്ര തവണകളിലായി സേവനഫീസ് വർദ്ധിപ്പിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർദ്ധനവിലെ ഏറ്റവും കൂടിയ വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) പാവപ്പെട്ടവർക്കുമേൽ ഇത്തരം വർദ്ധിപ്പിച്ച സേവന ഫീസുകൾ ഏർപ്പെടുത്താൻ തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ?

<u>ബജറ്റുകളിലെ പ്രഖ്യാപിത പദ്ധതികൾ ഉപേക്ഷിക്കലും വെട്ടിച്ചുരുക്കലും</u>

513. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
,, സി.കെ സദാശിവൻ
,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റുകളിൽ വൻതോതിൽ പദ്ധതി പ്രഖ്യാപിക്കുകയും വർഷാവസാനമാകുമ്പോൾ പദ്ധതി ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയേയാണ് കഴിഞ്ഞ നാല് വർഷവും ഈ സർക്കാർ ചെയ്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പ്രഖ്യാപിത പദ്ധതികൾ ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യാനുണ്ടാകുന്ന കാരണങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ധനകാര്യവകുപ്പ് നീക്കിവെച്ച ധനം നൽകാൻ സാധിക്കാത്തതാണ് വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാത്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

<u>ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്-ന്റെ വീതി കൂട്ടുവാൻ അനുമതി</u>

514. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതകുരുക്കിന് പരിഹാരം കാണുവാൻ പട്ടണത്തിൽ എൻ.എച്ച്-ന്റെ വീതി കൂട്ടുവാനായി സമർപ്പിച്ചിരിക്കുന്ന പദ്ധതിക്ക് ഫയൽ നമ്പർ ഇ-74757 (ഇൻഡസ്ട്രീസ് ആന്റ് പി.ഡബ്ല്യൂ.ഡി.) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ;

(സി) മാതൃകാ പദ്ധതിയായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് അടിയന്തിരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ</u>

515. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചശേഷം നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

<u>നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ്സ്</u>

516. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ കൂടിയ നിരക്കിലാണ് ടെണ്ടർ ചെയ്തതെങ്കിൽ ആരാണ് അതിനുള്ള അനുമതി നൽകേണ്ടത്; ഏത് ഹെഡ്സ് ഓഫ് അക്കൗണ്ടിലാണ് കൂടിയ തുക ഉൾപ്പെടുത്തേണ്ടത്; വിശദാംശം നൽകുമോ ?

<u>സംസ്ഥാനത്തിന് പുറത്ത് കാരുണ്യ ചികിത്സ സഹായ പദ്ധതി</u>

517. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സ സഹായ പദ്ധതിയിൽ സംസ്ഥാനത്തിന് പുറത്ത് മംഗലാപുരം അടക്കമുള്ള സ്ഥലത്തെ ആശുപത്രികൾ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നുമുതൽ നടപ്പിലാക്കുമെന്നും എതൊക്കെ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും വിശദമാക്കാമോ ?

<u>കുട്ടനാട്ടിലെ റോഡുകൾക്ക് സാമ്പത്തികാനുമതി</u>

518. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കണ്ടംകരി - നെടുമുടി -ഉമ്പിക്കാട്ട് വരമ്പിനകം-വെള്ളമത്ര വേണാട്ടുകാട് - കായൽപ്പുറം - കണ്ണാടി റോഡ് (ch5/400-9/580) പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

<u>അധികവിഭവസമാഹരണം</u>

519. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റ് വഴിയും ജനങ്ങളിൽ നിന്നും അധികവിഭവസമാഹരണം നടത്താൻ തീരുമാനിച്ച തുക എത്ര കോടി വീതമായിരുന്നു ; അതുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്ര കോടി വീതം ; വിശദമാക്കാമോ ;

(ബി) ബഡ്ജറ്റ് വഴിയല്ലാതെ അധികവിഭവസമാഹരണം നടത്തിയ ഘട്ടങ്ങൾ ഏതൊക്കെയായിരുന്നു ; ഓരോ ഘട്ടത്തിലും ബഡ്ജറ്റിന് പുറത്തുള്ള അധികവിഭവസമാഹരണലക്ഷ്യം എത്ര കോടി രൂപയായിരുന്നു ; ലക്ഷ്യമനുസരിച്ച് യഥാർത്ഥത്തിൽ സമാഹരിച്ച തുക ഓരോ വർഷവും എത്ര ; വിശദാംശം ലഭ്യമാക്കാമോ ?

<u>സംസ്ഥാനത്തിന്റെ പൊതു കടം</u>

520. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള നാലു വർഷക്കാലത്തെ പൊതുകടത്തിന്റെ വർദ്ധനവ് എത്രയാണെന്നും ഈ കാലഘട്ടത്തിൽ എടുത്തിട്ടുള്ള സംഖ്യ ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ സഞ്ചിത കടം

521. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്ര ധനകാര്യ വകുപ്പ് സംസ്ഥാന സർക്കാരിന് കടമെടുക്കാൻ നിശ്ചയിച്ച് നല്കിയ തുക എത്ര; കടം എടുത്ത തുക എത്ര എന്നിവ സംബന്ധിച്ച വിവരങ്ങൾ നല്കുമോ ;

(ബി) ഇതിൽ റവന്യൂ കമ്മി നികത്താൻ വിദേശ സഹായ പദ്ധതി, കേന്ദ്രാവിഷ്കൃത/കേന്ദ്ര സഹായ പദ്ധതികൾ, സംസ്ഥാന വിഹിതം, R.I.D.F., സംസ്ഥാന പദ്ധതികൾ, മറ്റു പദ്ധതികൾ എന്നിവയ്ക്കായി ഓരോവർഷവും ചെലവാക്കിയ തുക , ഓരോ വർഷവും കടമെടുത്ത തുക എന്നിവ സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) കഴിഞ്ഞ 4 വർഷത്തിൽ ഓരോ വർഷത്തേയും സഞ്ചിത കടം എത്ര എന്നും നടപ്പുവർഷം അത് എത്ര ആകും എന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷത്തിന്റേയും വിശദമായ കണക്കുകൾക്കായി സാമ്പത്തിക സ്ഥിതിവിവര വകുപ്പ്, അക്കൗണ്ടന്റ് ജനറൽ എന്നിവരുടെ നിഗമന പ്രകാരമുള്ള സംസ്ഥാന സഞ്ചിത കടം എത്ര എന്നും ഇത് ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനം എന്നും വർഷം തിരിച്ച് വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

522. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാലു വർഷം പൂർത്തീകരിച്ചപ്പോൾ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരോ വർഷവും എത്ര തുകയാണ്; ഇതിൽ ഒരോ വർഷവും ആളോഹരി എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ ആയത് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സർക്കാർ ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും മറ്റു സ്വദേശ/വിദേശ സ്ഥാപനങ്ങളിൽനിന്നും അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര തുക തിരിച്ചടച്ചു; എത്ര സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട സമയം ആയിട്ടില്ല എന്നും എങ്കിൽ എപ്പോളാണ് അടയ്ക്കേണ്ടതെന്നും വിശദമാക്കുമോ ; കേന്ദ്ര ലോൺ എടുത്ത വകയിൽ നാലു വർഷ കാലയളവിൽ എഴുതിത്തള്ളിയിട്ടുള്ള തുക എത്ര ; അത് ഏതു കാലയളവിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ കാലമയളവിൽ ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന കടത്തിന്റെ തിരിച്ചടവിനായി കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; അതിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(എഫ്) ഇതുവഴി ഉയർന്ന പലിശയുള്ള എത്ര തുകയ്ക്കുള്ള എത്ര ലോണുകൾ ക്ലോസ് ചെയ്യുവാൻ

കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

523. ശ്രീ.എസ്.ശർമ്മ
,, പി.ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ധനകാര്യമാനേജ് മെന്റിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ ധനകാര്യമാനേജ് മെന്റിന്റെ ഫലമായി സാമ്പത്തിക സ്ഥിതിയിലുണ്ടായ ഗുരുതരമായ തകർച്ചയെക്കുറിച്ച് വിലയിരുത്തിയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അഴിമതി , നികുതി പിരിക്കുന്നതിലുണ്ടായ വീഴ്ച തുടങ്ങിയവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നാളിതുവരെയില്ലാത്തവിധം തകര്ത്തുവെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യകത്മാക്കാമോ?

## കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി

524. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കിയ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരിൽ നിന്ന് എത്ര തുക ശേഖരിച്ചിട്ടുണ്ട്;

(സി) മാച്ചിംഗ് ഫണ്ട് ആയി സർക്കാർ എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് ;

(ഡി) ഇപ്രകാരം ശേഖരിച്ചിട്ടുള്ള തുക ഏത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്; വിശദവിവരം നൽകുമോ?

## **2011-12** മുതൽ **2015-16** വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവ് /പദ്ധതി ഇതര ചെലവുകളുടെ വിശദാംശം

525. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതി ഇതര ചെലവുകൾക്കും ഓരോ വർഷവും വകയിരുത്തപ്പെട്ട തുകയുടെയും അതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവുകളുടെയും തുക എത്ര; വിശദമാക്കുമോ;

(ബി) ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക

യഥാർത്ഥത്തിൽ പദ്ധതികൾക്കായി പിൻവലിക്കപ്പെട്ടിട്ടുണ്ട്; പിൻവലിച്ച തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിലായി ട്രഷറിയിൽ കിടക്കുന്ന തുക എത്ര?

## 2014-15 ലെ പദ്ധതികൾ

526. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31 അവസാനിക്കുമ്പോൾ 2014-15 ലെ ബജറ്റിൽ അവതരിപ്പിച്ച പദ്ധതികളിൽ എത്രയെണ്ണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) 2014-15 -ലെ ബജറ്റിൽ പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എത്രയായിരുന്നു ; അവയ്ക്ക് വകയിരുത്തപ്പെട്ട തുക എത്ര ;

(സി) പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ 2015 മാർച്ച് 31 നകം പൂർണമായും നടപ്പിലാക്കിയവ എത്ര ; വകയിരുത്തപ്പെട്ട തുകയിൽ യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും ചെലവായ തുക എത്ര എന്നു വ്യക്തമാക്കുമോ?

## 2014-15 വർഷത്തെ പ്ലാൻ ആന്റ് നോൺ-പ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

527. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 31 അനുസരിച്ച് 2014-15 വർഷത്തെ പ്ലാൻ ആന്റ് നോൺ-പ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ ;

(ബി) ബജറ്റ് വിഹിതം ഉൾപ്പെടെ വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നടപ്പാക്കിയ നിർദ്ദേശങ്ങൾ

528. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച നിജസ്ഥിതി അറിയുവാൻ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ; വകുപ്പിന്റെ പേര് ; പുതിയ പദ്ധതികളുടെ എണ്ണം ; നാമമാത്ര തുക നല്കിയ പദ്ധതികളുടെ എണ്ണം ; തുക നല്കിയത് എന്നാൽ തുക പിൻവലിക്കാത്തവ ; തുക ഉപയോഗിച്ചത് ; ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ; ബഡ്ജറ്റിൽ വകയിരുത്തിയ തുക ; പദ്ധതിക്കായി പിൻവലിച്ച തുക ;

(ബി) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട മൊത്തം തുകയുടെ എത്ര ശതമാനം തുക പദ്ധതിക്കായി പിൻവലിക്കുകയുണ്ടായി ?

## 2014-2015- ലെ വാർഷിക അടങ്കൽ തുക

529. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 2014-2015-ലെ വാർഷിക അടങ്കൽ തുക എത്ര; ഇതിൽ ഓരോ വകുപ്പും ചെലവഴിച്ച തുക എത്ര;

(ബി) ഇതിൽ ഓരോ വകുപ്പും ചെലവഴിച്ച തുക എത്ര;

(സി) പദ്ധതി നിർവ്വഹണത്തിലും പദ്ധതിതുക ചെലവഴിക്കുന്നതിലും കുറവ് വരാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പദ്ധതി നിർവ്വഹണത്തിലെ വീഴ്ച സംബന്ധിച്ച വിശദീകരണങ്ങൾ വകുപ്പുകളിൽ നിന്നും തേടിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ദേശിയ സമ്പാദ്യ പദ്ധതി</u>

530. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശിയ സമ്പാദ്യ പദ്ധതി മുഖേന സ്വരൂപിക്കുന്ന പണം / നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എൻ . എസ് . എസ്. മുഖേന സ്വരൂപിച്ച നിക്ഷേപം എത്ര ; വർഷം തിരിച്ച് വിശദമാക്കാമോ ;

(സി) മഹിള പ്രധാൻ ഏജന്റുമാർക്ക് ഇൻസെന്റിവ് / അലവൻസ് ഇനത്തിൽ കുടിശ്ശിക തീർക്കാനുള്ള തുക എത്ര ; ആയത് തീർക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ദേശിയ സമ്പാദ്യ പദ്ധതി ആകർഷകമാക്കാൻ ആവിഷ്കരിച്ച നവീന പദ്ധതികൾ വിശദീകരിക്കാമോ?

## <u>വാണിജ്യ നികുതി പിരിവ്</u>

531. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ വാണിജ്യ നികുതി പിരിവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പ്രതീക്ഷിച്ച വാണിജ്യ നികുതി തുക എത്ര; ഓരോ വർഷവും ലഭിച്ചിരുന്ന നികുതി തുക എത്ര;

(സി) ബഡ്ജറ്റ് ലക്ഷ്യത്തിന്റെ എത്ര ശതമാനം നേട്ടം ഓരോ വർഷവും ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

## വാണിജ്യ നികുതി ചെക്ക് പോസ്റ്റ്

532. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ വൻതോതിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ ;

(സി) അഴിമതി കേസ്സിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

## സൈക്കിൾ വില്പനയിൽ നിന്നുള്ള നികുതി വരുമാനം

533. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര സൈക്കിളുകൾ വിറ്റഴിക്കപ്പെടുന്നുണ്ട്; മുൻവർഷങ്ങളിലെ ഈ ഇനത്തിലുള്ള നികുതി വരുമാനം എത്രയായിരുന്നുവെന്നു വെളിപ്പെടുത്താമോ ;

(ബി) സൈക്കിൾ വില്പനയിൽ ഏർപ്പെട്ട വ്യാപാര സ്ഥാപനങ്ങൾ എത്ര; ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കുകയും ബില്ലുകളിൽ കൃത്രിമം കാട്ടി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്തതിന്റെ പേരിൽ എത്ര വ്യാപാരികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) യഥാർത്ഥത്തിൽ വിറ്റഴിക്കപ്പെടുന്ന സൈക്കിളുകളുടെ എണ്ണത്തിനനുസൃതമായി നികുതി വരുമാനം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## ചരക്ക്സേവന നികുതി നേട്ടവും നഷ്ടവും

534. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയുംക്കുറിച്ച് ധനകാര്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) നിലവിലുള്ള നികുതികളുടെയും നികുതി നിരക്കുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാന സർക്കാരുകൾക്ക്, അടിസ്ഥാന ചരക്ക് സേവന നികുതി നിരക്കിൽ എത്ര ശതമാനം വരെ വർദ്ധന വരുത്താൻ സ്വാതന്ത്ര്യമുണ്ട് ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് നേരിട്ടാൽ അത് എത്ര വർഷം എന്തു തുക വരെ കേന്ദ്രം നല്കും ?

## പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി നിരക്ക് .

535. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാനം ഇപ്പോൾ ഈടാക്കി വരുന്ന നികുതി നിരക്കുകളെത്ര ;

(ബി) ഇവയുടെ വില വർദ്ധിക്കുമ്പോഴുണ്ടാകുന്ന അധിക നികുതി ഈടാക്കി വരുന്നുണ്ടോ ; അധിക നികുതി ഈടാക്കില്ലെന്ന നിലപാട് എന്ന് മുതലാണ് നിർത്തലാക്കിയത് ;

(സി) പെട്രോളിനും ഡീസലിനും പുതുതായി സെസ് ഏർപ്പെടുത്തുകയുണ്ടായോ ; ഈ ഇനത്തിൽ പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ്;

(ഡി) ക്രൂഡ് ഓയിലിന് അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴും അതിന്റെ ഗുണഫലം, പെട്രോൾ ഡീസൽ ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്നത് തിരുത്താൻ തയ്യാറാകുമോ ?

## പെട്രോൾ- ഡീസൽ എന്നിവയുടെ അധിക നികുതി മൂലം ഖജനാവിലെ അധിക വരുമാനം

536. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഒരു രൂപ അധിക നികുതി ഏർപ്പെടുത്തിയതുവഴി സർക്കാരിന് നാളിതു വരെ ഓരോ മാസവും എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ അധിക നികുതിയിലൂടെ ഓരോ സാമ്പത്തിക വർഷവും എത്ര തുക സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഈ തുക ഉപയോഗിച്ച് ഭവന നിർമ്മാണപദ്ധതി ആരംഭിക്കുകയുണ്ടായോ ; എങ്കിൽ എത്ര വീടുകൾ നൽകിയെന്നും ഓരോ വീടിനും എത്ര രൂപയാണ് നൽകുന്നത് എന്നും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡമെന്താണെന്നും വിശദമാക്കുമോ ?

## ചെക്കുപോസ്റ്റുകളിലെ നികുതി ചോർച്ച

537. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്തെ വിവിധ വാണിജ്യ നികുതി ചെക്കുപോസ്റ്റുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിനത്തിലെ വരുമാനത്തിൽ എത്ര രൂപയുടെ ചോർച്ചയാണ് വാണിജ്യ നികുതി ഇന്റലിജൻസ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചെക്കുപോസ്റ്റുകളിൽ നടക്കുന്ന അഴിമതിയുടെ ഭാഗമായിട്ടാണോ ഇത്തരത്തിൽ നികുതി ചോർച്ച ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ

സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>നൂറനാട് സബ്ട്രഷറിക്ക് കെട്ടിടം</u>

538. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രഷറി ഡയറക്ടേറ്റിൽ നിന്നും ധനകാര്യവകുപ്പിന് റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ട്രഷറി കെട്ടിടനിർമ്മാണത്തിന് ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം</u>

539. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇൻകലിനെ ഏൽപ്പിച്ച പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം ഇപ്പോൾ ഏതെങ്കിലും ഏജൻസിയെ ഏൽപിച്ചിട്ടുണ്ടോ ;

(ബി) ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണംആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ട്രഷറി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

<u>കിളിമാനൂർ സബ്ട്രഷറി</u>

540. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ സബ്ട്രഷറിയുടെ പ്രവർത്തനം മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അനുവദിച്ചിരിക്കുന്ന സ്ഥലത്തേക്ക് മാറ്റാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തനത്തിനാവശ്യമായ ക്യാബിൻ സൗകര്യമുൾപ്പെടെ പൂർണ്ണ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഓഫീസ് പ്രവർത്തനം ആരംഭിക്കുവാനായി 2014 ഫെബ്രുവരി 18ന് താക്കോൽ സ്വീകരിച്ചിട്ടും പ്രവർത്തനം മാറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>കാരുണ്യ ലോട്ടറി</u>

541. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മെയ് 15 വരെയുള്ള നടത്തിപ്പിൽ സർക്കാരിന് ലഭിച്ച മൊത്തം വരുമാനം എത്രകോടി രൂപയാണ്; ഇതേ കാലയളവിൽ കാരുണ്യ പദ്ധതിപ്രകാരമുള്ള സഹായത്തിന് ലഭിച്ച അപേക്ഷകൾ എത്ര; എത്ര പേർക്ക് മൊത്തം എന്ത് തുക സഹായധനമായി നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2015 മെയ് 15 -ന് എത്ര അപേക്ഷകർക്ക് സഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു;

(സി) കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച വരുമാനത്തിൽ 2015 മെയ് 15-ന് ബാക്കി നില്പുണ്ടായിരുന്ന തുക എത്രയായിരുന്നു;

(ഡി) നിലവിൽ എത്ര കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ പരിഗണനയിലിരിക്കുന്നു;

(ഇ) കാരുണ്യ ലോട്ടറി ആരംഭിച്ചതിനുശേഷം 2015 മെയ് വരെ പദ്ധതി നടത്തിപ്പിൽ വിവിധ ഇനങ്ങളിലായി ചെലവായ മൊത്തം തുക എത്ര; വ്യക്തമാക്കാമോ;

## കാരുണ്യ ലോട്ടറി ലെയ്സൺ ഓഫീസർ നിയമനം

542. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ ലെയ്സൺ ഓഫീസർമാരായി നിയമിച്ച താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നീക്കമുണ്ടോ;

(ബി) എങ്കിൽ കേരള ലോട്ടറിയുടെ ഭാഗമായി അതേ ഓഫീസിൽ പ്രവർത്തിക്കുന്ന കാരുണ്യ ലോട്ടറി വിഭാഗത്തിലേക്ക്, ലോട്ടറി വകുപ്പിൽ നിന്ന് ജോലിക്കാരെ നിയമിക്കുകയോ യോഗ്യതയുള്ളവരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയോ ചെയ്യാതെ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള പ്രസ്തുത നീക്കം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത നടപടികൾക്കെതിരെ യൂണിയനുകൾ പ്രക്ഷോഭത്തിനൊരുങ്ങുന്നത് പരിഗണിച്ച് താത്കാലികമായി നിയമിച്ച ലെയ്സൺ ഓഫീസർമാരെ പിരിച്ചു വിടാൻ നടപടി സ്വീകരിക്കുമോ?

## കാരുണ്യ ചികിൽസാ പദ്ധതി

543. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ചികിൽസാ പദ്ധതി പ്രകാരം നിയമസഭാ സമാജികർ നൽകുന്ന ശിപാർശകളിന്മേൽ അവർക്ക് മറുപടി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ബി) കാരുണ്യ ചികിൽസാ പദ്ധതി വഴി ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും അനുവദിക്കുന്ന തുക എത്രയും വേഗം ഉണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും നടപടി

സ്വീകരിക്കുമോ;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും കാരുണ്യാ ചികിൽസാ പദ്ധതി പ്രകാരം 2012 ജനുവരി 1 മുതൽ 2015 മേയ് 31 വരെ എത്ര പേർക്ക് ചികിൽസാ ധനസഹായം ലഭിച്ചു ; ആർക്കൊക്കെ എന്ന വിവരം അറിയിക്കാമോ?

<u>ലീഗൽ സർവ്വീസ് അതോറിറ്റി</u>

544. ശ്രീ.ആർ . സെൽവരാജ്

,, ജോസഫ് വാഴയ്ക്കൻ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾവഴി അന്തിമ തീർപ്പ് കൽപ്പിച്ച കേസുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ?

<u>സർക്കാർ വകുപ്പുകളുടെ നടപടിയുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസുകൾ .</u>

545. ശ്രീ.ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നടപടികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം വിശദമാക്കാമോ ;

(ബി) നിലവിലുള്ളതും ഓരോ വർഷവും ഫയൽ ചെയ്യപ്പെട്ടതുമായ കേസുകൾ എത്രയാണെന്നും വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ ;

(സി) ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലവിൽ സർക്കാർ നടപടികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകൾ എത്ര ; വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ ?

<u>ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം</u>

546. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി എന്നാണ് ലഭ്യമായത് എന്നും എത്ര തുകയുടെ ഭരണാനുമതി ആണ് ലഭ്യമായത് എന്നും വിശദമാക്കുമോ ;

(ബി) കോർട്ട് കോംപ്ലക്സ് എവിടെ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും സ്ട്രക്ചറൽ ഡിസൈനും തയ്യാറായിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ; എന്തെല്ലാം സൗകര്യങ്ങൾ ആണ് ഇതിൽ ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

<u>അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക്സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ</u>

547. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ജനറൽ തസ്തികയ്ക്ക് സമാനമായ പദവിയും ശമ്പളവുമുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളുടെ നിലവിലെ സ്കെയിലുകൾ എപ്രകാരമാണ് ;

(ബി) പ്രസ്തുത തസ്തികകളുടെ ശമ്പള സ്കെയിൽ അവസാനമായി പരിഷ്കരിച്ചത് എന്നാണ്; എപ്രകാരമായിരുന്നു പരിഷ്കരണം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികകളുടെ ശമ്പള പരിഷ്കരണം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ശമ്പള സ്കെയിലിന് പുറമേ ജോലിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഗവഃ പ്ലീഡർമാരുടെ ശമ്പളം എന്നാണ് അവസാനമായി പരിഷ്കരിച്ചത്; ഇവരുടെ ശമ്പളപരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരി ച്ചതെന്നു വ്യക്തമാക്കുമോ?

<u>പ്രാബല്യത്തിൽ ഉള്ള നിയമങ്ങളുടെ വിവരശേഖരണം</u>

548. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എതെല്ലാം നിയമങ്ങൾ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടെന്നതു സംബന്ധിച്ച് വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിലുള്ള കാലവിളംബത്തിനുള്ള കാരണം വിശദമാക്കുമോ;

(സി) ഭേദഗതി നിയമങ്ങൾപ്രകാരം ആവശ്യമായ മാറ്റം മൂല നിയമത്തിൽ വരുത്തി പ്രസിദ്ധപ്പെടുത്തുകയും ഭേദഗതി നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഏതു വർഷം വരെയുള്ള നിയമങ്ങൾ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്?

<u>ഭവന ഭാരത് പദ്ധതി</u>

549. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പാടമില്ലാത്തവർക്കായി " ഭവന ഭാരത് "എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മൈത്രീ ഭവന വായ്പാ കുടിശ്ശിക

550. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിൽ നിന്നും എടുത്ത മൈത്രീ ഭവന വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) വായ്പാ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റാത്തവരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

## ഗൃഹശ്രീ ഭവന പദ്ധതി

551. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, വി.ഡി.സതീശൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം ആരെയാണ് ഏൽപ്പിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്; ഇതിൽ സർക്കാർ സബ്സിഡി എത്രയാണ്;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്?

## ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

552. ശ്രീ.ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകമാംവിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>വെസ്റ്റ് ഹിൽ ശാന്തി നഗർ രണ്ടാംഘട്ട ഭവന നിർമ്മാണം</u>

553. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ ശാന്തി നഗർ കോളനിയിലെ രണ്ടാംഘട്ട ഭവന നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി സർക്കാർ എത്ര രൂപയാണ് വകയിരുത്തിയത് ; വകയിരുത്തിയ തുക ബജറ്റിലെ ഏതു ശീർഷകത്തിൽ നിന്നാണ് നൽകുന്നത് ; വിശദമാക്കുമോ ?

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

554. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്നു വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്നും പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ബി. പി. എൽ, എ. പി. എൽ. എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ, ഗവൺമെന്റ് ജീവനക്കാർ തുടങ്ങിയവർക്ക് കുറഞ്ഞ നിരക്കിൽ ഫ്ലാറ്റുകൾ അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ?

<u>മിഷൻ **676 -**ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട്</u>

555. **ശ്രീ.സി.പി.മുഹമ്മദ്**

**,,** എ.റ്റി.ജോർജ്

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 -ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭ നഷ്ടം

556. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ പത്ത് വർഷമായിട്ടുള്ള ലാഭ നഷ്ടകണക്കുകളുടെ വിശദവിവരം വർഷം തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

## യുവ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി

557. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ വ്യവസായ സംരംഭകർക്ക് , നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം ഇതേവരെ എത്ര സംരംഭകർക്ക് സഹായം നൽകിയിട്ടുണ്ട് ; എത്ര തുകയുടെ സഹായമാണ് നൽകിയത് ;

(സി) സഹായം ലഭിച്ച എത്ര പ്രോജക്ടുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## അടച്ചു പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

558. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) എത്ര കമ്പനികൾ പൂർണ്ണമായും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ബി.റ്റു.ബി. വ്യവസായ സംഗമം

559. ശ്രീ.വർക്കല കഹാർ

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.റ്റു.ബി വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്;

(ഡി) ചർച്ച ചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉദുമ ടെക്സ്റ്റൈൽ മിൽസ്</u>

560. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ഉദുമ ടെക്സ്റ്റൈൽ മിൽസ് ഉത്ഘാടനം ചെയ്തിട്ട് എത്ര വർഷമായി;

(ബി) പ്രസ്തുത സ്ഥാപനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മുൻസർക്കാർ ഈ സ്ഥാപനത്തിലേക്ക് ജീവനക്കാരെ നിയമിക്കാൻ ഏത് ഗവ.ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്; നടപടികൾ പൂർത്തിയാക്കി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; ഇവർ ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മേൽ റാങ്ക് ലിസ്റ്റ് ഒഴിവാക്കി പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; ആയത് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത്; ഈ കാരണം കൊണ്ടാണോ ആദ്യ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ കേസ്സിന് പോയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) മേൽ സ്ഥാപനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ എന്ന് ഉൽപ്പാദനം തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി</u>

T 561. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിന് വീഴ്ച വരുത്തിയിരിക്കുന്നത് മൂലം പെട്രോനെറ്റ് എൽ.എൻ.ജി കമ്പനിക്ക് പ്രതിവർഷം എത്ര രൂപ നഷ്ടം ഉണ്ടാകുന്നെന്ന് അറിയിക്കാമോ;

(ബി) പൈപ്പ്ലൈൻ പദ്ധതി നടപ്പാക്കാൻ, ജനങ്ങളുടെ തെറ്റിദ്ധാരണകളും പ്രശ്നങ്ങളും

പരിഹരിക്കുന്നതിന് തയ്യാറാകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) ഈ പദ്ധതി നിലവിൽ വരുന്നത് വഴി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ ;

(ഡി) പദ്ധതി യാഥാർത്ഥ്യമാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

<u>വൈക്കം താലൂക്കിലെ ഖനന അനുമതികൾ</u>

562. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ഖനന അനുമതികളാണ് നൽകിയിട്ടുള്ളതെന്നും ഇവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഖനനാനുമതിക്ക് എന്തെല്ലാം നിബന്ധനകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) അനധികൃത ഖനനത്തിനെതിരെ വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനിടയിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>റാന്നി ഉതിമൂട്ടിലെ കിൻഫ്രയുടെ വസ്ത്രനിർമ്മാണ യൂണിറ്റ്</u>

563. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കാനായി റാന്നി ഉതിമൂട്ടിലെ ഭൂമി എന്നാണ് കിൻഫ്ര ഏറ്റെടുത്തത് ;

(ബി) പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത ഭൂമിക്ക് വർഷം നൽകേണ്ട പാട്ടത്തുക എത്ര രൂപയാണ് ; ഇത്തരത്തിൽ കിൻഫ്ര പാട്ടത്തുക അടച്ച കണക്ക് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) അവസാന വർഷങ്ങളിൽ പാട്ടത്തുക അടയ്ക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; എത്ര വർഷത്തെ പാട്ടമാണ് ഇത്തരത്തിൽ നൽകാനുള്ളത് ; തുകയെത്ര ; വിശദമാക്കാമോ ;

(ഡി) പാട്ടത്തുക അടച്ചില്ലെങ്കിൽ ഈ ഭൂമി കിൻഫ്രയ്ക്ക് നഷ്ടമാകുമോ ; ഇത്തരത്തിൽ ഭൂമി കൈമോശം വരാതിരിക്കാൻ കിൻഫ്ര എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പാട്ടത്തുക അടയ്ക്കാൻ വീഴ്ച വരുത്തിയ കിൻഫ്രയുടെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഇ) കിൻഫ്രയ്ക്ക് റാന്നി ഉതിമൂട്ടിലെ സ്ഥലം ആവശ്യമില്ലേ; വിശദമാക്കാമോ ?

<u>റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ പ്രവർത്തനങ്ങൾ</u>

564. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഉതിമൂട്ടിൽ കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് ആയിരത്തിലധികം പേർക്ക് പ്രത്യക്ഷമായി തൊഴിൽ ലഭിക്കുമായിരുന്ന വസ്ത്ര വ്യവസായം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നും പദ്ധതി സർക്കാർ ഉപേക്ഷിക്കുകയുണ്ടായോയെന്നും എങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് മറ്റെന്തെങ്കിലും വ്യവസായം ചെയ്യാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വസ്തു വിട്ടുകിട്ടിയിട്ടും വ്യവസായം ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ പുതിയ വ്യവസായം ആരംഭിക്കാനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി കിൻഫ്ര എം.ഡി. മുൻകൈ എടുത്ത് സ്ഥലം എം.എൽ.എ. യുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇവിടെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

## മലബാർ സിമന്റ്സ്

565. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലബാർ സിമന്റ്സ് കമ്പനിയുടെ ലാഭം ഓരോ വർഷത്തിലും എത്ര ആണെന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(ബി) 2006 മുതൽ 2011 വരെയുള്ള കാലയളവിൽ പ്രസ്തുത കമ്പനിയുടെ ലാഭം എത്രയായിരുന്നുവെന്ന് വേർതിരിച്ച് വിശദമാക്കാമോ ?

## വ്യവസായ വകുപ്പിലെ പ്രമോഷൻ

566. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായും സീനിയോറിറ്റി അവഗണിച്ചും പ്രമോഷൻ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിശോധിച്ച് പരിഹരിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച്

567. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി

വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കാഷ്യൂ ബോർഡ് അനുവദിക്കുന്നതിന് വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

വ്യവസായ സ്ഥാപനങ്ങൾ

568. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു അറിയിക്കാമോ ; അവയിൽ ഏതെല്ലാം സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം ലാഭത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതും ഇപ്പോഴും ലാഭകരമായി പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വിശദമാക്കുമോ ; ഇവയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന റിയിക്കുമോ ?

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹായം

569. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇളവുകളും സഹായവും നൽകിവരുന്നുണ്ടോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന പ്രാതിനിധ്യവും സഹായവും സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ മേഖലയെ സഹായിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സഹകരണ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചെറുകിട വ്യവസായങ്ങളുടെ വളർച്ച

570. **ശ്രീ.ജോസഫ് വാഴയ്ക്കൻ**

**,,** കെ.മുരളീധരൻ

**,,** കെ.ശിവദാസൻ നായർ

**,,** അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ചെറുകിട വ്യവസായ വളർച്ചയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഈ നേട്ടം കൈവരിക്കാൻ നിലവിലുള്ള സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി ; വിശദമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ എന്തിനെല്ലാമാണ് ഊന്നൽ നൽകിയതെന്നും എത്ര ശതമാനം വളർച്ചാനിരക്കാണ് കൈവരിച്ചതെന്നും വ്യക്തമാക്കാമോ ?

ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങൾ

571. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിക്കുന്നത്; വിശദമാക്കുമോ ;

(ബി) കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഈ യൂണിറ്റുകൾക്ക് എത്ര രൂപയുടെ സഹായം അനുവദിച്ചു ; വ്യക്തമാക്കുമോ ;

(സി) എത്ര വൻകിട വ്യവസായ യൂണിറ്റുകൾ കഴിഞ്ഞ 4വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ചു ; അവ ഏതെല്ലാമാണ് ; ഇവയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി ; വിശദാംശം ലഭ്യമാക്കുമോ ?

അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായിയുടെ മേലുള്ള അഴിമതി ആരോപണം .

572. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ജോൺ മത്തായി മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി എത്ര കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട് ;

(ബി) മലബാർ സിമന്റ്സിന് ചുണ്ണാമ്പ് വാങ്ങിയതിലും കോൾ ഇറക്കുമതി ചെയ്തതിലും അഴിമതി നടന്നുവെന്ന ആക്ഷേപത്തെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണത്തെ തുടർന്ന് ശ്രീ. ടി. ജോൺ മത്തായി പ്രതിയായിട്ടുള്ള കുറ്റപ്പത്രം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) പ്രതിസ്ഥാനത്തുനിന്ന് ശ്രീ. ജോൺ മത്തായിയെ ഒഴിവാക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ;വിജിലൻസ് കോടതിയിൽ ഗവൺമെന്റ് നൽകിയ അപേക്ഷ എന്തായിരുന്നു; വിശദമാക്കാമോ?

കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവിടങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക

573. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര രൂപ അനുവദിച്ചു എന്നറിയിക്കുമോ ?

<u>പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക</u>

574. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണത്തിൽ ഹാന്റക്സ്, മറ്റ് സംസ്ഥാനങ്ങളിലെ കച്ചവടക്കാരിൽ നിന്ന് തുണി എടുക്കുകയും കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ നിന്നും തുണി എടുക്കാതിരിക്കുകയും ചെയ്യുന്നത് മുഖേന പ്രാഥമിക സംഘങ്ങൾ തകർച്ചയിലാവുന്ന സ്ഥിതിയുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥിതിയ്ക്ക് പുറമെ വൻതുക റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കാൻ കൈകൊണ്ട നടപടി വിശദമാക്കാമോ ; കുടിശ്ശിക എന്ന് കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) കൈത്തറി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുന്നതിന് കൈക്കൊണ്ട നടപടി വിശദമാക്കാമോ ?

<u>കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി</u>

575. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി, നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>കിൻഫ്ര മുഖേനയുള്ള പദ്ധതികൾ</u>

576. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കിൻഫ്ര മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

## വ്യാവസായ പദ്ധതികളിലെ പുരോഗതി

577. **ശ്രീ.പി.കെ.ഗുരുദാസൻ**

**,, സി.കൃഷ്ണൻ**

**,, കെ.വി.അബ്ദുൾ ഖാദർ**

**,, സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തെ ബജറ്റുകളിൽ പ്രഖ്യാപിച്ച വ്യാവസായ പദ്ധതികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തെ ബജറ്റുകളിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഓരോ വർഷവും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിലൂടെ ലക്ഷ്യമിട്ട നേട്ടങ്ങളെന്തെന്നും പദ്ധതി പ്രാവർത്തികമാകാത്തതിന്റെ ഫലമായുണ്ടായ നഷ്ടങ്ങളെന്തെന്നും കണക്കാക്കിയിട്ടുണ്ടോ ;വ്യക്തമാക്കാമോ ;

## ലാഭകരമായ പൊതുമേഖലാസ്ഥാപനങ്ങൾ

578. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ 2014-2015 സാമ്പത്തിക വർഷത്തിൽ ലാഭകരമായി പ്രവർത്തിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; ലാഭ വിഹിതമായി സർക്കാരിലേക്ക് നല്കിയ ആകെ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

## പൊതുമേഖലാ സ്ഥാപനങ്ങൾ

579. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു ; ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

580. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും നഷ്ടത്തിലായിരുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) 2013-14 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചതും നഷ്ടത്തിലായിരുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

581. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനിക വൽക്കരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ മോണിറ്ററിംഗ്, ഇവാല്വേഷൻ, ഇംപാക്ട് അസെസ്സ്മെന്റ് എന്നിവ നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

## എമർജിംഗ് കേരള സംഗമം

582. ശ്രീ.എ.റ്റി.ജോർജ്
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം. ഒ. യു ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

## എമർജിംഗ് കേരള

583. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിലൂടെ കേരളത്തിൽ എത്ര കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) വ്യവസായ വകുപ്പിനു കീഴിൽ എത്ര പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഇതിനകം ഉണ്ടായിട്ടുണ്ട്; പദ്ധതിയും അവയുടെ ഇതിനകമുണ്ടായ നിർവ്വഹണ ചെലവും വിശദമാക്കാമോ?

## ഒറ്റപ്പാലം കിൻഫ്ര പാർക്ക്

584. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാർക്കിന് എത്ര ഏക്കർ സ്ഥലമാണ് നിലവിലുള്ളതെന്നും പാർക്ക് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കാൻ ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(സി) കെട്ടിടം നിർമ്മാണത്തിന് റോഡ്, ജലം, വൈദ്യുതി ഉൾപ്പെടെയുള്ള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനായി ആകെ എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ :

(ഡി) പ്രസ്തുത പാർക്കിൽ നിർമ്മിക്കുന്ന സ്റ്റാൻഡേഡ് ഡിസൈൻ ഫാക്ടറി എത്ര സ്ക്വയർ ഫീറ്റ് ആണ് ; അതിന്റെ പ്രത്യേകതകൾ വ്യക്തമാക്കാമോ ; എന്നത്തേക്ക് നിർമ്മാണ പ്രവർത്തനം പൂർത്തിയാവും എന്ന് അറിയിക്കുമോ:

(ഇ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ സംരംഭകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

585. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കുമോ ?

## ലാഭത്തിലും നഷ്ടത്തിലുമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

586. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ടെങ്കിൽ നഷ്ടത്തിലായതിന്റെ കാരണങ്ങൾ വിശദമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ പുനരുദ്ധരിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## സിഡ്കോയുടെ കീഴിലെ നിർമ്മാണ പ്രവൃത്തികൾ

587. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ എത്ര നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും എത് തീയതിക്കാണ് എഗ്രിമെന്റ് വെച്ചതെന്നും അതുപ്രകാരം എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

## മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്ക്

588. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്രാ വ്യവസായ പാർക്കിനായി എത്ര സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) പ്രസ്തുത പാർക്കിനായി എത്ര തുകയുടെ പ്രോജക്ടാണ് കിൻഫ്ര തയ്യാറാക്കിയതെന്നും പ്രസ്തുത പ്രോജക്ടിന് എപ്പോഴാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) പ്രോജക്ടിനാവശ്യമായ തുകയിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്നും കേന്ദ്ര സർക്കാരിൽ നിന്നും ഏത്രധനസഹായത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പൂർത്തീകരണത്തിനുള്ള മറ്റു ധനസമാഹരണ മാർഗ്ഗങ്ങളെന്തെല്ലാമാണെന്നും ഇതിനോടകം സംസ്ഥാന സർക്കാർ എത്ര തുക ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; ഇതിനോടകം എത്ര തുക ലഭിക്കുകയുണ്ടായി ;

(എഫ്) പ്രസ്തുത വ്യവസായ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

589. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിലെ വ്യവസായ വകുപ്പിന്റെ കണക്ക് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ആകെ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ ?

പൊതുമേഖലയിലെ പുതിയ വ്യവസായങ്ങൾ

590. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം അനുവദിച്ച ഫണ്ട്

591. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച ഫണ്ട് എത്ര; നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

അങ്കമാലിയിലെ കിൻഫ്രാ വ്യവസായ പാർക്കിനുള്ള ഭൂമി

592. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ട കിൻഫ്രാ വ്യവസായ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ (WP(C) 33795/2010) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

സ്റ്റാർട്ട് അപ് പോളിസി

593. ശ്രീ.കെ.അച്ചുതൻ

,, കെ.മുരളീധരൻ

,, സണ്ണി ജോസഫ്

,, എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ?

<u>സ്റ്റാർട്ട് അപ് വില്ലേജ്</u>

594. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, കെ.അച്ചുതൻ

,, പാലോട് രവി

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികൾ</u>

595. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പദ്ധതികൾ ആവിഷ്കരിക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>കൊയിലാണ്ടിയിലെ കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ</u>

596. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;

(ബി) ഈ സർക്കാർ പുതുതായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; പദ്ധതിയുടെ പുരോഗതി എത്രത്തോളമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ?

<u>വ്യവസായശാലകളുടെ സമീപത്തുള്ളവരുടെ സുരക്ഷ</u>

597. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടസാദ്ധ്യതയുള്ള വ്യവസായശാലകളുടെ സമീപത്തെ സ്കൂൾ കുട്ടികളുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത്തരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുക്കാറുണ്ടോ;

(സി) വ്യവസായ മാലിന്യങ്ങൾ മൂലം രോഗികളാകുന്നവരെ സഹായിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം രോഗികളെ സഹായിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ ?

<u>സ്വകാര്യവൽക്കരണം പൊതുമേഖലയ്ക്ക് ഉണ്ടാക്കിയ കോട്ടം - സമഗ്രപഠനം</u>

T 598. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20വർഷങ്ങളായി രാജ്യത്ത് നടപ്പിലാക്കിവരുന്ന സ്വകാര്യവൽക്കരണ പ്രക്രിയ തനതായ പൊതുമേഖലാവ്യവസായങ്ങൾക്ക് എന്ത് കോട്ടം ഉണ്ടാക്കി എന്നത് സമഗ്ര പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പഠനത്തിന് ശ്രമിക്കുമോ?

<u>വ്യവസായികവകുപ്പിൻ കീഴിലുള്ള സിക്ക് യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കാൻ നടപടി</u>

599. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൻ കീഴിലുള്ള സിക്ക് യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>മൾട്ടി ലവൽ മാർക്കറ്റിങ്ങും നിയമനിർമ്മാണവും</u>

600. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി ലവൽ മാർക്കറ്റിംഗ് ക്രമീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുമെന്ന് ട്രേഡ് യൂണിയനുകൾക്ക് നല്കിയ ഉറപ്പ് പാലിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടത്;

(ബി) പ്രസ്തുത നിയമ നിർമാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>കശുവണ്ടി മേഖലയെ പ്രതികൂലമായി ബാധിക്കുന്ന വിദേശ വ്യാപാര നയം</u>

601. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദേശ വ്യാപാര നയം കശുവണ്ടി മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായിരുന്ന ഡ്യൂട്ടി സ്ക്രിപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കുന്നതിന് വേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഡാം ഡിസിൽട്ട് പദ്ധതി</u>

602. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിമണ്ണ് വ്യവസായം സംരക്ഷിക്കുന്നതിനായി ഡാം ഡിസിൽട്ട് ചെയ്യുന്ന പദ്ധതി പുനരാരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>കോമളപുരം സ്പിന്നിംഗ് മിൽ</u>

603. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമളപുരം സ്പിന്നിംഗ് മിൽ ഉൽപ്പാദന പ്രവർത്തനം ആരംഭിക്കാതിരിക്കാൻ കാരണമെന്താണ്; വ്യക്തമാക്കുമോ ;

(ബി) ഉൽപ്പാദനം എന്നേത്തേക്ക് ആരംഭിക്കാൻ സാധിക്കും; വ്യക്താമാക്കുമോ ?

## റിബേറ്റ് കുടിശ്ശിക

604. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക നൽകാനുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സംഘങ്ങൾക്ക് എത്ര തുക വീതം നൽകുവാനുണ്ട് എന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആകെ എത്ര റിബേറ്റ് കുടിശ്ശിക നൽകിയിട്ടുണ്ടെന്ന് ജില്ല, സംഘം, വർഷം, തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ റിബേറ്റ് കുടിശ്ശിക ലഭിക്കാത്ത സംഘങ്ങൾ ഉണ്ടോ ;എങ്കിൽ ഏതൊക്കെ ; ഇവർക്ക് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

## കാസർഗോഡ് ഉദുമ ടെക്സ്റ്റൈൽസ്

605. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായ ഉദുമ ടെക്സ്റ്റൈൽസ് മിൽ 4 വർഷമായിട്ടും തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

## സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധികൾ

606. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മില്ലുകൾ ആധുനികവൽക്കരിക്കുന്നതിനും പുതിയ മെഷിനറിയും പ്ലാന്റും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ .പി .ഫ്, ഇ.എസ് .ഐ. ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ട് ; ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ;

(ഡി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന

റിക്കവറികൾ യഥാസമയം സൊസൈറ്റി അടയ്ക്കുന്നുണ്ടോ ; പിടിക്കുന്ന റിക്കവറി തുകകൾ അടയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ ; ഇക്കാര്യം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ലഭിച്ചു ; റിക്കവറി തുകകൾ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

<u>സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടറൈസേഷൻ</u>

607. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റ് പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് നെറ്റ് സംവിധാനം ആവശ്യമുള്ളയിടത്ത് അത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതൽ ;

(ബി) സംസ്ഥാന ഗവൺമെന്റും വിവിധ വകുപ്പുകളും പൊതു മേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള പണമിടപാടുകൾ നടത്താൻ നെറ്റ് മണി ട്രാൻസ്ഫർ പോലുള്ള സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടറൈസേഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ അതും ഉൾപ്പെടുമെന്നതു പരിഗണിച്ച് അത് അടിയന്തരമായി ഏർപ്പെടുത്തുമോ ?

<u>ഐ.ടി കയറ്റുമതി</u>

608. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പുതുതായി ആരംഭിച്ച സംരംഭങ്ങൾ എത്ര യെന്നറിയിക്കുമോ;

(ബി) കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻകഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ?

<u>ടീ കോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലം</u>

609. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റിക്കായി ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് ആകെ എത്ര വിസ്തൃതിയുള്ള സ്ഥലമാണ് വിട്ടുനൽകിയിട്ടുള്ളത്; ഇതിൽ എത്ര ഹെക്ടർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കാമോ;

(ബി) ടീ കോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലത്തിൽ എത്ര ഹെക്ടർ സ്ഥലത്തിന് സ്വതന്ത്രമായ വിൽപ്പന അവകാശം നൽകിയിട്ടുണ്ട് ;

(സി) ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടുനൽകിയ സ്ഥലത്തിന്റെ സ്വതന്ത്രമായ വിൽപ്പന അവകാശവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്താണെന്നും ഓരോ കരാറുകളും അനുസരിച്ച് വിട്ടുകൊടുത്ത ഭൂമിയിലെ ടീംകോം ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അവകാശം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ്

T 610. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എസ്.ഐ. നിഹിലന്റ് ഇ-ഗവേണൻസ് അവാർഡ് ഏതൊക്കെ മേഖലയിലാണ് നൽകുന്നത്; ഇതിനായി സർക്കാർ അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ആരാണ് അപേക്ഷ നൽകിയത്; ഏത് നിർവ്വഹണത്തിനാണ് അവാർഡ് ലഭിച്ചത് ;

(ബി) ഏതൊക്കെ വർഷങ്ങളിൽ സംസ്ഥാനം ഈ അവാർഡിനായി അപേക്ഷിച്ചിരുന്നു; ഏതൊക്കെ വർഷങ്ങളിൽ അവാർഡ് ലഭിച്ചിട്ടുണ്ട്; എന്തിനെ ആസ്പദമാക്കി; വിശദമാക്കാമോ;

(സി) മറ്റേതെല്ലാം സംസ്ഥാനങ്ങൾക്ക് ഈ വർഷം സി.എസ്.ഐ. നിഹിലന്റ് അവാർഡ് ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ?

അക്ഷയ കേന്ദ്രങ്ങൾ

611. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര അക്ഷയകേന്ദ്രങ്ങൾ നിലവിലുണ്ട് ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ;

(ബി) അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; വിശദാംശം നൽകുമോ ?

അക്ഷയ കേന്ദ്രങ്ങളുടെ ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

612. ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾക്കുമേൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മിക്ക അക്ഷയ കേന്ദ്രങ്ങളിലും ആവശ്യത്തിന് ജീവനക്കാരും ഓഫീസ് സൗകര്യങ്ങളും ഇല്ലാത്തതിനാലും കെട്ടിടങ്ങളുടെ മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്നതിനാലും വൃദ്ധജനങ്ങളും രോഗികളും ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

നെന്മാറ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

613. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും ആവശ്യമായ അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(സി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ?

<u>കണ്ണൂർ സൈബർ പാർക്ക്</u>

614. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന സൈബർ പാർക്ക് നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) നബാർഡ് വായ്പ അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

<u>പുറക്കാട് ഐ.ടി പാർക്ക്</u>

615. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഐ.ടി പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഐ.ടി പാർക്ക് എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>സ്മാർട്ട് സിറ്റി</u>

616. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് നടന്നുവരുന്ന 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഐ. ടി. സേവനങ്ങൾക്ക് എത്ര ശതമാനം സ്ഥലം ഉപയോഗിക്കുന്നുണ്ടെന്നും ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്ക് എത്ര ശതമാനം സ്ഥലമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഐ.ടി. അധിഷ്ഠിത വിഭാഗത്തിൽ ഉൾപ്പെടുന്ന വിഭാഗങ്ങൾ/സേവനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ?

<u>സ്മാർട്ട് സിറ്റി പദ്ധതി</u>

617. **ശ്രീ.ബെന്നി ബെഹനാൻ**

**,,** വി.പി.സജീന്ദ്രൻ

,, ഹൈബി ഈഡൻ

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; നിർമ്മാണ പ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്;

(സി) സ്മാർട്ട്സിറ്റിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## സ്മാർട്ട് സിറ്റി പദ്ധതി

618. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം മൊത്തം എത്ര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ഐ.ടി അധിഷ്ഠിതകെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നും ഇതിനകം എത്ര സ്ക്വയർ മീറ്റർ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദീകരിക്കുമോ;

(ബി) ഇതിനകം പൂർത്തിയായ കെട്ടിടത്തിലേക്ക് എത്ര ഐ.ടി കമ്പനികളുമായി സ്മാർട്ട് സിറ്റി കരാറിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ട് എന്നും കരാറിൽ ഏർപ്പെട്ട കമ്പനികൾ ഏതൊക്കെ എന്നും എത്ര സ്ക്വയർ മീറ്റർ ഐ.ടി സ്പെയിസാണ് കമ്പനികൾ ഓരോന്നും എടുത്തിരിക്കുന്നത് എന്നും അവ എപ്പോൾ പ്രവർത്തനം ആരംഭിക്കും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) സ്മാർട്ട് സിറ്റിക്കുവേണ്ടി സർക്കാർ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം ഏത് തീയതിക്കകം മൊത്തം ഐ.ടി കെട്ടിടങ്ങളും നിർമ്മിക്കേണ്ടതായിട്ടുണ്ട് എന്നും ഏത് തീയതിക്കകം മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എന്നും വിശദമാക്കുമോ?

## സ്മാർട്ട് സിറ്റി പദ്ധതി

619. **ഡോ.ടി.എം.തോമസ് ഐസക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ അന്തിമ കരാറിൽ ഏർപ്പെട്ടത് ഏത് തീയതിയിലായിരുന്നു; കരാർ വ്യവസ്ഥകൾ പ്രകാരം പിന്നിട്ട കാലയളവിനുള്ളിൽ സ്മാർട്ട് സിറ്റിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടായിരുന്നു; എത്ര പേർക്ക് പുതുതായി തൊഴിൽ നൽകുന്ന എത്ര ഐ.ടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ടായിരുന്നു; വ്യവസ്ഥകൾ എല്ലാം പാലിക്കാറുണ്ടോ; എങ്കിൽ എത്ര ശതമാനമെന്നും വിശദീകരിക്കുമോ ;

(ബി) ഇന്നത്തെ നിലയിൽ സ്മാർട്ട് സിറ്റി പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ പൂർണ

സജ്ജമാകാൻ എത്ര സമയം വേണ്ടിവരുമെന്ന് കരുതുന്നു;

(സി) പദ്ധതിക്കായി സർക്കാർ മൊത്തം എത്ര രൂപ നിക്ഷേപിച്ചുവെന്നും ടീകോം കമ്പനി എത്ര രൂപ നിക്ഷേപിച്ചുവെന്നും പദ്ധതിയ്ക്കുവേണ്ടി കടം എടുത്തത് എത്ര രൂപയെന്നും വ്യക്തമാക്കുമോ ?

<u>ടെക്നോപാർക്കിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ</u>

620. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര കമ്പനികൾ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നു എന്നറിയിക്കുമോ;

(ബി) ടെക്നോപാർക്കുകളിൽ സംസ്ഥാന ഐ .ടി വകുപ്പിന്റെ ചുമതലയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്ത് ;

(സി) ടെക്നോപാർക്കുകളിൽ സ്വകാര്യകമ്പനികൾക്കുവേണ്ടി മാത്രം സ്ഥലം നൽകുന്ന നിലവിലുള്ള രീതി തുടരാതെ സർക്കാർ/പൊതുമേഖലാ ഐ.ടി. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങൾ നിലവിലുണ്ട് ?

(ഡി) സർക്കാർ ഉടമസ്ഥതയിലുള്ള ടെക്നോപാർക്കുകളിൽ പൊതുമേഖലാ/സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

<u>മാതൃകാ പട്ടിക വർഗ്ഗ കോളനി</u>

621. ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വർഗ്ഗ കോളനികളെ മാതൃകാ കോളനികളാക്കി മാറ്റുന്നതിനുള്ള പദ്ധതി ഉണ്ടോ ; വിശദമാക്കാമോ ;

(ബി) കൊല്ലം ജില്ലയിൽ ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികൾ ഉണ്ടോ ; എങ്കിൽ ആയവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഓരോ കോളനിയിലും പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>സൗജന്യ ചികിൽസ</u>

622. ശ്രീ.കെ.രാജു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എത്ര രൂപ വരെയുള്ള സൗജന്യ ചികിൽസയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) രോഗിയിൽ നിന്നും പരിധിയിൽ കൂടുതൽ ഈടാക്കുന്ന തുക റീ ഇംബേഴ്സ് ചെയ്ത് നൽകുവാൻ സംവിധാനമുണ്ടോ ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരം സൗകര്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഊരുകളിലെ ആരോഗ്യപ്രശ്നങ്ങൾ

623. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി ഊരുകളിലെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വർദ്ധിച്ചുവരുന്ന ശിശുമരണനിരക്കിനെക്കുറിച്ചും സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി 2011-12, 2012-13, 2013-14, 2014-15 ബഡ്ജറ്റിൽ എത്ര തുകവീതം വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ബഡ്ജറ്റിൽ വകയിരുത്തിയ തുക

624. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കായി വകയിരുത്തിയ തുക വക മാറ്റുകയുണ്ടായോ ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലേക്കായി എത്ര തുക ബജറ്റിൽ വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക വകമാറ്റി ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

അട്ടപ്പാടിയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

625. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശു മരണങ്ങളെ തുടർന്ന് അട്ടപ്പാടിയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(സി) അട്ടപ്പാടിയിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾക്ക് ഇപ്പോൾ മേൽനോട്ടം വഹിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പിലാക്കുന്നത് അവലോകനം ചെയ്യുന്നുണ്ടോ; എങ്കിൽ അവസാനം ചേർന്ന അവലോകന യോഗമെന്നായിരുന്നു ; യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ജനനി ജന്മരക്ഷാ പദ്ധതി

626. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, കെ.ശിവദാസൻ നായർ

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ജനനി-ജന്മരക്ഷാ ആരോഗ്യപദ്ധതി

627. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനനി-ജന്മരക്ഷാ ആരോഗ്യപദ്ധതി അട്ടപ്പാടിയിൽ നടപ്പാക്കുന്നുണ്ടോ ; എങ്കിൽ എത്ര വർഷമായിട്ട് പ്രസ്തുത പദ്ധതി ഇവിടെ നടപ്പാക്കുന്നു ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ബി) എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്നും ഇപ്പോൾ എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നുംവ്യക്തമാക്കുമോ :

(സി) പ്രസ്തുത പദ്ധതിയ്ക്കായി അട്ടപ്പാടി ബ്ലോക്കിൽ ആകെ എത്ര രൂപാ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ച സ്ത്രീകളുടെ കുഞ്ഞുങ്ങൾ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(എഫ്) പ്രസ്തുതപദ്ധതി പ്രകാരമുള്ള ധനസഹായം മാസം തോറും വിതരണം ചെയ്യുന്നതിന് പകരം ഒരുമിച്ച് വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

628. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് 2012-13 മുതൽ 2014-15വരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) നൽകിയിട്ടുള്ള തുകയുടെ സാമ്പത്തികവർഷം തിരിച്ചുള്ള കണക്കും പ്രസ്തുത തുക വിനിയോഗിച്ച് ഓരോ വർഷവും തുടങ്ങിയ പദ്ധതികളുടെ പേരുവിവരവും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപാവീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

<u>പദ്ധതി - പദ്ധതിയേതര ഇനങ്ങളിലായി ചെലവഴിച്ച തുക</u>

629. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഓരോ വർഷവും പദ്ധതി - പദ്ധതിയേതര ഇനങ്ങളിലായി എന്തു തുക വീതം ചെലവഴിച്ചുവെന്നു വിശദമാക്കുമോ?

<u>പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി</u>

630. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, വി.ഡി.സതീശൻ

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

<u>പട്ടിക വർഗ്ഗ ഭവനനിർമ്മാണ പാക്കേജ്</u>

631. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിന് ഭവന നിർമ്മാണത്തിന് പണം നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ വീട് പണിയാൻ കഴിയാത്ത കുടുംബങ്ങളുള്ള കാര്യം അറിയുമോ ;

(ബി) എങ്കിൽ അത്തരം ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കി പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

<u>പട്ടിക വർഗ്ഗക്കാർക്കുള്ള ധനസഹായം</u>

632. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 -14,2014-15 വർഷങ്ങളിൽ വൈപ്പിൻ മണ്ഡലത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ഭവന നിർമ്മാണം, മെയിന്റനൻസ് എന്നീ ഇനങ്ങളിലായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ധനസഹായത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്നും എന്നത്തേയ്ക്ക് തുക അനുവദിക്കാനാകുമെന്നും വെളിപ്പെടുത്തുമോ ;

(സി) ധനസഹായത്തിന് അർഹരായ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ആദിവാസി ക്ഷേമ പദ്ധതികൾ</u>

633. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളുടെ ക്ഷേമത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>നെന്മാറ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

634. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ചിലർക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഏതൊക്കെ പഞ്ചായത്തിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് എന്ന് വിശദമാക്കുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും സർട്ടിഫിക്കറ്റ് ലഭിക്കാൻ നടപടി സ്വീകരിക്കുമോ ; നിലവിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ആദിവാസി മിഷൻ റിപ്പോർട്ട്</u>

635. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി മിഷൻ ഏറ്റവും ഒടുവിൽ റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ആദിവാസി പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

636. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ മേഖലയിൽ ആദിവാസി മിഷൻ 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വിശദീകരിക്കാമോ ; പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികൾ ഏതെല്ലാം ഊരുകളിൽ പൂർത്തിയാക്കിയെന്നും ഓരോ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഊരുകളിൽ എന്തെല്ലാം പദ്ധതികൾ ഇനിയും പൂർത്തീകരിക്കാത്തതും നടപ്പാക്കാത്തതുമായി ഉണ്ടെന്നും വിവരിക്കാമോ ; പ്രസ്തുത ഇനത്തിൽ ചെലവഴിക്കാൻ ബാക്കി എത്ര രൂപ ശേഷിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

637. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങളെക്കുറിച്ചും ആദിവാസിക്ഷേമ പദ്ധതി നടത്തിപ്പിലെ വീഴ്ചകളെക്കുറിച്ചും ദേശീയ മനുഷ്യവകാശ കമ്മീഷൻ വിശദീകരണം ആവശ്യപ്പെട്ടിരുന്നോ ;

(ബി) എങ്കിൽ അതിന് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ആദിവാസി ക്ഷേമഫണ്ടുകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിലുള്ള ഗുരുതരമായ വീഴ്ച

638. ശ്രീ.എ.കെ.ബാലൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.വി.വിജയദാസ്
ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് പോഷകാഹാര കുറവ് മൂലമുള്ള ദുരന്തങ്ങൾ തുടരുന്നതായ വാർത്തകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്താത്തതാണ് ഇതിന് കാരണമാകുന്നതെന്നും ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപനമല്ലാതെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ നിലപാട് വ്യക്തമാക്കുമോ?

(സി) പോഷകാഹാര കുറവ് മൂലം ആദിവാസി കുട്ടികളും അമ്മമാരും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നിരന്തരം പദ്ധതികൾ പ്രഖ്യാപിച്ചിട്ടും ഇതുമൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ ഇപ്പോഴും തുടരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

തൊഴിൽ പരിശീലനപദ്ധതികൾ

639. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സ്വന്തമായി വരുമാനമുണ്ടാക്കുന്നതിനും ഉള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവിടെ എത്ര പേർക്ക് പരിശീലനം നൽകുന്നുണ്ടെന്നും അറിയിക്കുമോ?

അരിവാൾ രോഗം ബാധിച്ചവർക്ക് ഭൂമി വിതരണം

640. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവാൾ രോഗം ബാധിച്ചവർക്ക് 2015 മാർച്ച് 31 നകം ഒരേക്കർ ഭൂമി വിതരണം ചെയ്യുന്ന പദ്ധതിയിൽ ഏത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് പറയാമോ ; ഇത്തരത്തിൽ ഭൂമി ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കാമോ ;

(ബി) ടി.ആർ.ഡി.എം. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമിതനായ ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്തുമോ?

സെന്റർ ഫോർ ട്രൈബൽ എജ്യൂക്കേഷൻ ഡെവലപ്പ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട്

641. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടെ എഴുപതോളം ശിശുമരണങ്ങളും ഇതിനടുത്ത് ഗർഭസ്ഥ ശിശുമരണങ്ങളും നടന്ന അട്ടപ്പാടിയുടെ ദൈന്യത വിളിച്ചറിയിക്കുന്ന സെന്റർ ഫോർ ട്രൈബൽ എജ്യൂക്കേഷൻ ഡെവലപ്പ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013 ലെ ശി ശുമരണത്തെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; കമ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിലുള്ള വീഴ്ച

642. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും അവബോധ പരിപാടികളും പരിശീലനവും നൽകുന്നതിനും ആശുപത്രിയിലുള്ള രോഗികളെ പരിചരിക്കുന്നതിനുമായി 2014-15 ലെ ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 9 കോടി രൂപയിൽ 4 കോടി 98 ലക്ഷത്തി രണ്ടായിരം രൂപ മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളു എന്നത് പട്ടികവർഗ്ഗ വികസനത്തിന്റെ ഗുണഫലങ്ങൾ അവരിലേക്ക് പൂർണ്ണമായും എത്തിക്കാൻ സാധിക്കുന്നതിലുള്ള സർക്കാരിന്റെ വീഴ്ചയായി കരുതുന്നുണ്ടോ ;

(ബി) ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നടപ്പ സാമ്പത്തിക വർഷം ഇതിലേക്കായി എന്ത് തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കുമോ ?

<u>കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ</u>

643. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും ഇവർ എത്ര കോളനികളിലായാണ് അധിവസിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഏതൊക്കെ ജാതികളാണ് കാസർഗോഡ് ജില്ലയിലുള്ളതെന്നു വ്യക്തമാക്കാമോ ?

<u>കൈത്താങ്ങ് പദ്ധതി</u>

644. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, വി.റ്റി.ബൽറാം

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി" കൈത്താങ്ങ് "എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) അനാഥരായ ആദിവാസി കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>വയനാട്ടിലെ കുരങ്ങുപനി ബാധിച്ച ആദിവാസികൾക്ക് ദുരിതാശ്വാസം</u>

645. ശ്രീമതി.ഗീതാ ഗോപി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ കുരങ്ങുപനി ബാധിച്ച് മരണമടഞ്ഞ ആദിവാസികളുടെ എണ്ണം എത്ര ;

(ബി) ആദിവാസി മേഖലകളിൽ രോഗബാധ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) രോഗംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും രോഗബാധിതർക്കും ധനസഹായം നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

<u>പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കാരുടെ വായ്പാ കുടശ്ശിക</u>

646. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിലുള്ള വായ്പാ കുടശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

<u>കൈത്താങ്ങ് പദ്ധതി</u>

647. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കൈത്താങ്ങ്' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം</u>

648. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും സ്കൂളിൽ പോയിട്ടില്ലാത്ത പട്ടികവർഗ്ഗക്കാരായ എത്ര കുട്ടികൾ സംസ്ഥാനത്ത് ഉണ്ട്;

(സി) പെരുനാട് പഞ്ചായത്തിലെ അട്ടത്തോട്ടിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ വർഷം അട്ടത്തോട് ഗവ. ട്രൈബൽ എൽ. പി . സ്കൂൾ ആരംഭിച്ച വിവരം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂൾ ആരംഭിക്കാനായി എന്തൊക്കെ

സഹായസഹകരണങ്ങളാണ് വകുപ്പ് നൽകിയത് എന്ന് വിശദമാക്കാമോ;

(ഡി) സ്കൂളിന് സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത് പഞ്ചായത്തിന് വൻ ബാദ്ധ്യതയാകും എന്നുളളതിനാൽ സ്കൂൾ പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഏറ്റെടുക്കാൻ എന്തെങ്കിലും നടപടിയുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ആദിവാസികളുടെ സ്ഥിതിവിവര കണക്കുകൾ

649. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഏതെല്ലാം ഫാമുകളിൽ വനാവകാശ നിയമം അനുസരിച്ച് കൈവശ രേഖകൾ നൽകിയെന്ന് വിശദീകരിക്കാമോ;

(ബി) ആറളം ഫാമിങ്ങ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികവർഗ്ഗ ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച സംസ്ഥാനത്തെ ആദിവാസികളുടെ സ്ഥിതി വിവരകണക്കുകളുടെ കോപ്പി ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ബജറ്റ് ശീർഷകം

650. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ബജറ്റ് ശീർഷകത്തിൽ ഏതെല്ലാം ഇനങ്ങൾക്കാണ് വകയിരുത്തിയ തുകയിലും അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവഴിച്ചത് ; ആയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഇതുവഴി പട്ടികവർഗ്ഗക്കാർക്കു ലഭിക്കേണ്ട പല പദ്ധതികൾക്കും വേണ്ടത്ര തുക ചെലവഴിക്കാത്തതുമൂലം അവർ ദുരിതത്തിലാണ് ജീവിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇത് വീഴ്ചയായി കരുതുന്നുണ്ടോ എന്ന് വ്യക്തമക്കുമോ?

അട്ടപ്പാടിയിലെ ശിശുമരണം

651. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അട്ടപ്പാടിയിൽ എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ കാരണങ്ങൾ പ്രത്യേകമായി അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

652. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾക്കിടയാക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ലഹരി ഉപയോഗം</u>

653. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യം, പുകയില,മറ്റു ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ അവബോധ ക്യാമ്പുകളും ബോധവൽക്കരണവും നടത്തുന്നതിൽ സർക്കാർ പൂർണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) അവബോധ ക്യാമ്പുകളും ബോധവൽക്കരണവും നടത്തുന്നതിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വക കൊള്ളിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

<u>പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

654. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും എത്ര തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ;

(ബി) തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മിഷൻ **676**-ൽ സമ്പൂർണ്ണ ഭവന പദ്ധതി</u>

655. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676 ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## യുവജന പദ്ധതി

656. ശ്രീ.ഹൈബി ഈഡൻ
,, വി.റ്റി.ബൽറാം
,, പി.സി വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## യുവജന ക്ഷേമപദ്ധതികൾക്കുള്ള കേന്ദ്ര ഫണ്ട് വിനിയോഗം

657. ശ്രീ.ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 2014-2015 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഈ ഇനത്തിൽ എത്ര തുക സംസ്ഥാന സർക്കാർ ചെലവഴിച്ചുവെന്നും എന്തെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) യുവജനക്ഷേമത്തിനായി കേന്ദ്രം അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിക്കാൻ ബാക്കി ഉണ്ടെന്ന് വിശദമാക്കാമോ ?

## യുവജനനയം

658. ശ്രീ.ഹൈബി ഈഡൻ
,, വി.റ്റി.ബൽറാം
,, പി.സി വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) യുവജന ക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട് ;

വിശദമാക്കുമോ ;

(സി) യുവജനനയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം

659. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) SMILE(സ്മൈൽ) പദ്ധതിയിലുൾപ്പെടുത്തി ഒറ്റൂർ ഗ്രാമപഞ്ചായത്തിലെ നീറുവിളയിൽ സ്റ്റേഡിയം നിർമ്മിക്കുവാൻ സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം പ്രസ്തുത ശുപാർശ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

യുവാക്കളെ ലഹരി മരുന്നിൽനിന്നും മുക്തമാക്കാൻ പദ്ധതി

660. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുപ്പക്കാരിൽ മദ്യപാനശീലവും പുകയില ഉല്പന്നങ്ങൾ മറ്റ് ലഹരി മരുന്നുകൾ എന്നിവയുടെ ഉപയോഗവും വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും സംസ്ഥാന യുവജനകാര്യ വകുപ്പ് എന്തെല്ലാം ചെയ്യുന്നുണ്ട്;

(സി) ലഹരിമരുന്നുകൾക്ക് അടിമകളായ ചെറുപ്പക്കാരെ അതിൽ നിന്നും മോചിപ്പിയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ വകുപ്പിന് കീഴിൽ നിലവിലുണ്ട്;

(ഡി) ഇത്തരത്തിലുള്ള യുവാക്കളെ ലഹരി മരുന്നിന്റെ ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്വാഭാവിക ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനും ഡീ-അഡിക്ഷൻ സെന്ററുകൾ ഈ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ടോ;ഇല്ലെങ്കിൽ ആയത് ആരംഭിയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ?

ബ്ലോക്കുകളിൽ യൂത്ത് റിസോഴ്സ് സെന്ററുകൾ

661. ശ്രീ.വി.റ്റി.ബൽറാം

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ആരെല്ലാമാണ് ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ **676-**ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

662. ശ്രീ.പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ;

(സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## മൃഗശാലാ സന്ദർശകർക്കുള്ള സൗകര്യങ്ങൾ

663. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിലെ സന്ദർശകർക്ക് ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## മൃഗശാലകളുടെ ശോച്യാവസ്ഥ

664. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഈ മൃഗശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) മൃഗശാലകളുടെ പുനരുദ്ധാരണത്തിനു വേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ

വിശദാംശങ്ങൾ നൽകാമോ ?

<u>മ്യൂസിയത്തിലെ ഉദ്യാനപരിപാലനം</u>

665. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ മ്യൂസിയം കോമ്പൗണ്ടിലെ അപൂർവ്വ ചെടികൾ ശരിയായ പരിചരണം ഇല്ലാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉദ്യാനം പരിചരിക്കുന്നതിനായി എത്ര ജീവനക്കാരാണുള്ളതെന്ന് വെളിപ്പെടുത്താമോ ; ഇവരുടെ മേൽനോട്ടത്തിനായി സൂപ്പർവൈസറി തസ്തികകൾ നിലവിലുണ്ടോ ;

(സി) പുൽത്തകിടികൾ ശരിയായ രീതിയിൽ പരിചരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.